# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോടഞ്ചേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ. കെ.കെ.ഡി. പി. 6/1832/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 23/12/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോടഞ്ചേരി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ. കെ.കെ.ഡി. പി. 6/1832/2023 തീയ്യതി: 23/12/2023

## കോഴിക്കോട് ജില്ലയിലെ കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 01-12-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജോഷോ ബെന്നറ്റ് ജോൺ .കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 25-11-2023 | 02-12-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 25-11-2023 | 02-12-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.ഇ.വി.ഹരി, ഓഡിറ്റ് ഓഫീസർ

ശ്രീമതി.ഷൈന. എ.കെ, അസി.ഓഡിറ്റ് ഓഫീസർ

ശ്രീമതി.ജിഷ സാമുവൽ, അസി.ഓഡിറ്റ് ഓഫീസർ

ശ്രീമതി.അശ്വതി.ജെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അലക്സ് തോമസ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.ഗിരീഷ് കുമാർ. കെ | സെക്രട്ടറി | 01-04-2022 | 01-10-2022 |
| ശ്രീ.വിനോദ് കുമാർ കെ.പി | സെക്രട്ടറി | 02-10-2022 | 01-12-2022 |
| ശ്രീ.അനിൽ കുമാർ കെ പി | സെക്രട്ടറി | 02-12-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ബൈജു തോമസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ഡോ.അബ്ദുറഹിമാൻ | മെഡിക്കൽ ഓഫീസർ സി എച്ച് സി | 01-04-2022 | 31-03-2023 |
| ഡോ.ബിന്ദു.വി.കെ | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2022 | 31-03-2023 |
| ഡോ.ജിഷ്ണ .കെ.എ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2022 | 31-03-2023 |
| ശ്രീമതി.ഫസീല.കെ.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. വിനോദ് വർഗ്ഗീസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.റെജിമോൾ.കെ.എ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. രമ്യ രാജൻ വി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ സുരേഷ് തോമസ് | ഹെഡ് മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ജമീല.പി. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 10-06-2022 |
| ശ്രീ.ഉദയ കെ ജോയ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 11-06-2022 | 31-03-2023 |
| ശ്രീ.അരുൺ ചന്ദ് വി സി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 27-09-2022 |
| ശ്രീമതി.അർച്ചന. സി.ജെ | അസിസ്റ്റന്റ് എഞ്ചിനീയർ | 28-09-2022 | 31-03-2023 |
| ഡോ.മുജീബ് റഹ്മാൻ | വെറ്റിനറി സർജൻ | 01-04-2022 | 30-04-2022 |
| ഡോ. ശരത് | വെറ്റിനറി സർജൻ | 01-05-2022 | 03-01-2023 |
| ഡോ. രവി | വെറ്റിനറി സർജൻ | 04-01-2023 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ട് വിശദാംശങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല. | 1-1-1 |
| 3 | ബാങ്ക് റിക്കൺസിലിയേഷൻ അപാകത. | 1-1-2 |
| 4 | മെയിന്റനൻസ് പദ്ധതികൾക്കായി വരുന്ന ചെലവുകൾ അസറ്റ് ഹെഡിൽ രേഖപ്പെടുത്തുന്നു | 1-1-3 |
| 5 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള പത്രിക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-4 |
| 6 | ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി നടത്തുന്നില്ല. | 1-1-6 |
| 8 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-7 |
| 9 | ക്ലോസിങ്ങ് സ്റ്റോക്കിന്റെ ഭൌതിക പരിശോധന നടത്തി കൃത്യമായി അക്കൌണ്ട് ചെയ്തിട്ടില്ല. | 1-1-8 |
| 10 | അഡ്വാൻസ് റജിസ്റ്റർ അപാകത | 1-1-9 |
| 11 | ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്ന ഹെഡിൽ ചെലവ് കാണിച്ചിട്ടില്ല. | 1-1-10 |
| 12 | സി എഫ് സി വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | സാമ്പത്തിക വിശകലനം | 1-3 |
| 15 | ഗ്രാന്റ് വിനിയോഗം | 1-4 |
| 16 | പദ്ധതി അവലോകനം | 1-5 |
| 17 | ആഭ്യന്തര നിയന്ത്രണം | 1-6 |
| 18 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 19 | ടാക്സ് ഓഡിറ്റ് | 1-8 |
| 20 | ബാങ്കിൽ പണം അടവാക്കുന്നതിൽ കാലതാമസം | 1-9 |
| 21 | കുറഞ്ഞ നിരക്കിൽ വസ്തുനികുതി ഈടാക്കി | 1-10 |
| 22 | വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് വരുത്താത്തതിനാൽ നികുതി നഷ്ടം | 1-11 |
| 23 | സ്ഥിര നിക്ഷേപങ്ങൾക്ക് പലിശ ലഭ്യമായതിൽ കുറവ് | 1-12 |
| 24 | പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം - നിയമാനുസൃത പിഴ ഈടാക്കിയില്ല | 1-13 |
| 25 | കക്കൂസ് നിർമ്മാണം പദ്ധതിയിൽ ഒരു ഉണഭോക്താവിന് അധികം തുക അനുവദിച്ചു | 1-14 |
| 26 | ഡയാലിസിസ് രോഗികൾക്ക് മരുന്ന് വാങ്ങൽ പദ്ധതി - മരുന്നിനായി അധിക തുക ചെലവഴിച്ചു | 1-15 |
| 27 | അരുമയോടൊപ്പം അറിവിലേക്ക് - പദ്ധതി നടത്തിപ്പിന്റെ വിശദ വിവരം ലഭ്യമല്ല. | 1-16 |
| 28 | വാഹന വാടക – വിശദ വിവരങ്ങൾ ലഭ്യമല്ല. | 1-17 |
| 29 | കോക്ലിയർ ഇംപ്ലാന്റ് ചെയ്തവർക്ക് ധനസഹായം - ഉണഭോക്താക്കൾക്ക് പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിച്ചില്ല. | 1-18 |
| 30 | ക്ലീൻ കോടഞ്ചേരി ഗ്രീൻ കോടഞ്ചേരി അജൈവമാലിന്യങ്ങൾ നീക്കം ചെയ്യൽ അംഗീകൃത ഏജൻസിക്ക് തുക നൽകൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-19 |
| 31 | പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതിക്ക് വാഹനം വാടകക്ക് എടുക്കൽ - അപാകതകൾ | 1-20 |
| 32 | സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകൾ - ചെലവു തുകയുടെ രശീതി, വിനിയോഗ വിവരം എന്നിവ ലഭ്യമല്ല. | 1-21 |
| 33 | വനിതകൾക്ക് മെൻസ്ട്രൽ കപ്പ് വിതരണ പദ്ധതി - ആവശ്യകത കണക്കിലെടുക്കാതെയുള്ള വാങ്ങൽ | 1-22 |

| | | |
|---|---|---|
| 34 | ഗ്രാമ സഭാ ലിസ്റ്റ് തയ്യാറാക്കാതെ പദ്ധതി നടപ്പിലാക്കി | 1-23 |
| 35 | റിങ്ങ് കമ്പോസ്റ്റ് രണ്ടാം ഘട്ടം പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-24 |
| 36 | അങ്കണവാടി അനുപൂരക പോഷകാഹാരം - Food Products ന് തുക നൽകിയപ്പോൾ സ്രോതസ്സിൽ നിന്നും ടി.ഡി.എസ് കുറവ് ചെയ്തില്ല. | 1-25 |
| 37 | ലൈഫ് ഭവന പദ്ധതി വായ്പ അധിക തുക തിരികെ ഈടാക്കി | 1-26 |
| 38 | വാർഷികകണക്കിൽ ചെലവ് രേഖപ്പെടുത്തുന്നതിലെ അപാകതകൾ | 1-27a |
| 39 | പദ്ധതി ചെലവുകൾ സമയ ബന്ധിതമായി രേഖപ്പെടുത്തുന്നില്ല | 1-27b |
| 40 | പദ്ധതികൾ സമഗ്രമായി തയ്യാറാക്കുന്നില്ല - പഞ്ചായത്ത് ഫണ്ടിന് അധിക ചെലവ് | 1-28 |
| 41 | എസ്റ്റിമേറ്റുകൾ വ്യാപകമായി പുതുക്കുന്നു - എസ്റ്റിമേറ്റ് തയ്യാറാക്കൽ പ്രഹസനമാകുന്നു | 1-29 |
| 42 | അതി ദരിദ്രർക്കും അഗതികൾക്കുമായി പദ്ധതികൾ നടപ്പിലാക്കുന്നതിൽ വീഴ്ച | 1-30 |
| 43 | അഡ്വാൻസ് നൽകിയ തുകകൾ തിരികെ ലഭ്യമാക്കുന്നതിൽ വീഴ്ച | 1-31 |
| 44 | ABC പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-32 |
| 45 | ഗുണഭോക്താക്കൾ ഓൺലൈനായി അടവാക്കുന്ന തുകകൾ സമയബന്ധിതമായി അക്കൗണ്ടിൽ ക്രെഡിറ്റാകുന്നില്ല. | 1-33 |
| | ഭാഗം **2** | |
| 1 | സ്ഥിര നിക്ഷേപങ്ങൾക്ക് പലിശ ലഭ്യമായതിൽ കുറവ് | 2-1 |
| | ഭാഗം **3** | |
| 1 | പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം - നിയമാനുസൃത പിഴ ഈടാക്കിയില്ല | 3-1 |
| 2 | കക്കൂസ് നിർമ്മാണം പദ്ധതിയിൽ ഒരു ഗുണഭോക്താവിന് അധികം തുക അനുവദിച്ചു | 3-2 |
| 3 | ഡയാലിസിസ് രോഗികൾക്ക് മരുന്ന് വാങ്ങൽ പദ്ധതി - മരുന്നിനായി അധിക തുക ചെലവഴിച്ചു | 3-3 |
| 4 | റിങ്ങ് കമ്പോസ്റ്റ് രണ്ടാം ഘട്ടം പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-4 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം –1

## പൊതു അവലോകനം

### 1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 05-05-2023 ലെ 2/2 നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 23/06/2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**1-1-1 അക്കൗണ്ട് വിശദാംശങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല.**

കാനറ ബാങ്കിലുള്ള ഹെൽത്ത് ഗ്രാന്റ് ബിൽഡിങ്ങിനുള്ള 110042386742 നമ്പർ അക്കൌണ്ട് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല. ഇടപാടുകൾ ഇല്ലെങ്കിലും വാർഷിക കണക്കിൽ അക്കൌണ്ടിന്റെ വിശദാംശങ്ങൾ കാണിക്കേണ്ടതാണ്.

**1-1-2 ബാങ്ക് റിക്കൺസിലിയേഷൻ അപാകത.**

ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ ചില അക്കൗണ്ടുകളിലെ മാസാന്ത്യ റിക്കൺസിലിയേഷനിൽ Directly Debited By Bank ആയി വലിയ തുകകൾ കാണുന്നുണ്ട്. ഉദാഹരണം A) ഫെഡറൽ ബാങ്ക് ഓൺ ഫണ്ട് അക്കൗണ്ടിൽ 11/22 മാസത്തിൽ 1,46,000 രൂപയും 10/22 മാസത്തെ റിക്കൺസിലിയേഷനിൽ 10118 രൂപയും Directly Debited By Bank ആയി കാണിച്ചിട്ടുണ്ട്.

B) SCB ഓൺ ഫണ്ട് അക്കൗണ്ടിൽ 4/22 മാസത്തെ റിക്കൺസിലിയേഷനിൽ 54,595 രൂപയും 10/22 മാസത്തിൽ 43,682 രൂപയും Directly Debited By Bank ആയി കാണിച്ചിട്ടുണ്ട്.പേയ്മെന്റുകൾക്ക് ILGMS ൽ സമയബന്ധിതമായി അപ്രൂവൽ നടത്താത്തതിനാലാണ് ഇത്തരം അപാകതകൾ ഉണ്ടായതെന്ന്അറിയിക്കുകയുണ്ടായി. ILGMS ൽ രേഖപ്പെടുത്തി അധികൃതമാക്കാതെ ചെലവുകൾ നടത്തുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**1-1-3 മെയിന്റനൻസ് പദ്ധതികൾക്കായി വരുന്ന ചെലവുകൾ അസറ്റ് ഹെഡിൽ രേഖപ്പെടുത്തുന്നു**

മെയിന്റനൻസ് പദ്ധതികൾക്കായി വരുന്ന ചെലവുകൾ അസറ്റ് ഹെഡിലാണ് രേഖപ്പെടുത്തുന്നത്. ഉദാഹരണം - പ്രൊജക്റ്റ് 63/23 പ്രകാരം മൈക്കാവ് വെറ്ററിനറി ഡിസ്പെൻസറി നവീകരണത്തിനായുള്ള ചെലവ് 2,74,102 രൂപ, പ്രൊജക്റ്റ് 246/23 പ്രകാരം ചെമ്പുകടവ് അങ്കണവാടി നവീകരണത്തിനായുള്ള 2,49,182 രൂപ തുടങ്ങിയ ചെലവുകൾ റവന്യൂ ചെലവിന് പകരം മൂലധന ചെലവായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

**1-1-4 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള പത്രിക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.**

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62 പ്രകാരം വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്ത് ഓഡിറ്റിന് സമർപ്പിച്ച 2022-23 വർഷത്തെ വാർഷിക കണക്കുകളോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), ഉൾപ്പെടുത്തിയിട്ടില്ല.

**1-1-5 ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല.**

ക്യാഷ്-ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ്-ഫ്ലോയും അതേ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

"Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയത് 10974801 രൂപയാണ്. ഈ കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി കാണിച്ചിട്ടുള്ളത് 2,00,53,122/- രൂപയാണ്.

**1-1-6 ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി നടത്തുന്നില്ല.**

1.4.22 ന് നിലവിലുള്ള വസ്തു നികുതി ഡിമാന്റ് തുക വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2022-23 വർഷത്തിൽ അസസ് ചെയ്യപ്പെടുന്ന വസ്തു നികുതി ഉൾപ്പെടെയുള്ള അക്രുവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന പ്രതിമാസ സമ്മറി സ്റ്റേറ്റ് മെന്റ് അസസ്മെന്റ് റജിസ്റ്റർ എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടതാണ്. എന്നാൽ 2022-23 വർഷത്തെ വസ്തു നികുതി ശീർഷകത്തിലെ ഡിമാന്റ് എൻട്രികൾ പരിശോധിച്ചതിൽ വർഷത്തിൽ രണ്ട് തവണ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 22.12.22 ലും 31.3.23 ലും മാത്രം. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമ പ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ വരുത്താത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**1-1-7 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല**

വാർഷിക കണക്കിലെ ബാലൻസ് ഷീറ്റിലെ സ്ഥിരാസ്ഥികളുടെ മൂല്യം പരിശോധിക്കുന്നതിന് സാധ്യമായ രീതിയിൽ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

**1-1-8 ക്ലോസിങ്ങ് സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി കൃത്യമായി അക്കൌണ്ട് ചെയ്തിട്ടില്ല.**

സ്റ്റോക്ക് റജിസ്റ്ററിൽ സ്റ്റോക്കിന്റെ വർഷാന്ത മൂല്യം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. പല ഇനങ്ങളിലും നീക്കിബാക്കി ഉണ്ട് എന്നാൽ അവയൊന്നും ബാലൻഷീറ്റ് B-14 പ്രകാരം സ്റ്റോക്ക് ഇൻ ഹാൻഡ് ക്ലോസിങ്ങ് സ്റ്റോക്ക് ആയി കാണിച്ചിട്ടില്ല.

**1-1-9 അഡ്വാൻസ് റജിസ്റ്റർ അപാകത**

21-22 വർഷത്തെ ബാലൻസ് ഷീറ്റ്-ഷെഡ്യൂൾ ബി-18 പ്രകാരം തിരികെ ഈടാക്കാൻ ബാക്കിയുള്ള Temporary Advance For Official Purpose എന്നീ ഹെഡിലെ തുകകൾ അഡ്വാൻസ് രജിസ്റ്ററുമായി പൊരുത്തപ്പെട്ടിരുന്നില്ല.ആയതിനാൽ 2022-23 വർഷത്തെ മുന്നിരിപ്പിൽ അപാകത ഉണ്ട്. ആയത് 21.01.2023 ൽ ആണ് ജേർണൽ ചെയ്ത് അഡ്ജസ്റ്റ് ചെയ്തിട്ടുള്ളത്.

**1-1-10 ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്ന ഹെഡിൽ ചെലവ് കാണിച്ചിട്ടില്ല.**

അസിസ്റ്റന്റ് എഞ്ചിനീയർ പല ആസ്തി നിർമ്മാണ പ്രവർത്തികൾക്കും പാർട്ട് ബില്ലുകൾ നൽകിയിട്ടുണ്ടെങ്കിലും ആയവയൊന്നും ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്ന ഹെഡിൽ കാണിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**1-1-11 സി എഫ് സി വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല**

സി എഫ് സി വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കുമായി ഉള്ള വ്യത്യാസങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ചെലവ് തുക | എ സി ആർ പ്രകാരം | വാർഷിക കണക്ക് പ്രകാരം |
|---|---|---|
| അൺ ടൈഡ് (ബാങ്ക് വഴി) | 6682537 | 7100091<br>(B-3+I-6) |

| | | |
|---|---|---|
| ടൈഡ് (ബാങ്ക് വഴി) | 5061913 | 5678713 (B-3+I-6) |
| അൺ ടൈഡ് (ട്രഷറി വഴി) | 332378 | ചെലവ് കാണിച്ചിട്ടില്ല (B-3+I-6) |

**1-2 ബജറ്റ്**

കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് 17.03.2022 തീയതിയിലെ 01 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. 7.03.2023 ലെ 2/1 നമ്പർ തീരുമാന പ്രകാരം ബജറ്റ് പുതുക്കിയിട്ടുണ്ട്.

**1-3 സാമ്പത്തിക വിശകലനം**

| | |
|---|---|
| മുന്നിരിപ്പ് | 26021217 |
| ഓഡിറ്റ് വർഷത്തെ വരവ് | 62113582 |
| ആകെ | 88134799 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 51138781 |
| നീക്കിയിരിപ്പ് | 36996018 |

**1-4 ഗ്രാന്റ് വിനിയോഗം**

| ഫണ്ടിനം | മുന്നിരിപ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 33851000 | 33851000 | 33594826 | 256174 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 3906000 | 3906000 | 3906000 | 0 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 4041000 | 4041000 | 4041000 | 0 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| **മെയിന്റനൻസ്, റോഡ്** | **0** | **21615000** | **21615000** | **17880232** | **3734768** |
| **മെയിന്റനൻസ്, നോൺ-റോഡ്** | **0** | **10069000** | **10069000** | **9021423** | **1047577** |
| **സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -അൺ ടൈഡ്** | **0 (ട്രഷറി) 953724 (ബാങ്ക്)** | **380504** 6283738 | **380504** 7237462 | **332378** 6682537 | **48126** 554925 |
| **സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ്** | **0 (ട്രഷറി) 4508846 (ബാങ്ക്)** | **2656419** **8941000** | 2656419 13449846 | **1461419** 5078713 | **1195000** **8371133** |

**(CFC ടൈഡ് ചെലവ് തുക എ സി ആർ ൽ 16800രൂപയുടെ കുറവ് ഉണ്ട്. സി എഫ് സി കണക്കുകൾ എസിആർ കണക്കുകൾ വാർഷികകണക്ക് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല . വിശദാംശങ്ങൾക്ക് ഖണ്ഡിക 1-1-11 കാണുക.)**

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 297 | 190149760 | 243 | 108878534 | 72 | 54 | 57.57 |

## 1-6 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ മെച്ചപ്പെട്ട ആഭ്യന്തര നിയന്ത്രണ സംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് ഒരു പരിധി വരെ വിജയിച്ചിട്ടുണ്ടെന്ന്

കാണുന്നു. എന്നിരുന്നാലും ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് പരിശോധനകളിൽ നിന്ന് വ്യക്തമാണ്. ഗ്രാമപഞ്ചായത്തിന്റെ പേരിൽ കോടഞ്ചേരി ഫെഡറൽ ബാങ്ക് ശാഖയിലുള്ള 20570200044377 നമ്പർ അക്കൗണ്ടിൽ നിന്നും 22-12-2022 തീയതിയിൽ തെറ്റായും അനധികൃതമായും ഫെഡറൽ ബാങ്ക് തന്നെ പിൻവലിച്ച 50,000/- രൂപ ഗ്രാമപഞ്ചായത്ത് റീകൺസിലിയേഷനിൽ കാണിച്ച ജാഗ്രതയും സമയോചിതമായ ഇടപെടലും കാരണം 06-01-2023 ന് തിരികെ ലഭിക്കുകയുണ്ടായി. ഇത് അഭിനന്ദനാർഹമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത്, വാഹനം വാടകയ്ക്ക് എടുക്കുന്നതിൽ ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നില്ല. കൂടാതെ ഓരോ ദിവസത്തെയും കളക്ഷൻ തുക കൃത്യസമയത്ത് തന്നെ ബാങ്കിൽ അടവാക്കുന്നുണ്ട് എന്ന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്. മെഡിക്കൽ ഓഫീസർ സി. എച്ച്. സി നടത്തിയ പദ്ധതികളുടെ പ്രോജക്ട് രജിസ്റ്ററും സബ്സിഡിയറി രജിസ്റ്ററും സൂക്ഷിച്ചിട്ടില്ല.

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994 - ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01.12.2023 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 64,433/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ടാക്സ് ഓഡിറ്റ്

ഗ്രാമപഞ്ചായത്തുകൾക്ക് പിരിച്ചെടുക്കാൻ അധികാരപ്പെട്ട നികുതികളിൽ പ്രധാനപ്പെട്ടവ വസ്തു നികുതി, തൊഴിൽ നികുതി, സർവ്വീസ് ഉപനികുതി എന്നിവയാണ്. നിലവിൽ കോടഞ്ചേരി ഗ്രാമപഞ്ചായത്തിൽ വസ്തു നികുതി, തൊഴിൽ നികുതി എന്നിവ മാത്രമാണ് വരവുള്ളത്. ഗ്രാമപഞ്ചായത്തിന്റെ നികുതി വരുമാനം സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങളും നിർദേശങ്ങളും ചുവടെ ചേർക്കുന്നു.

### വസ്തുനികുതി

ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ വസ്തുനികുതി വരവ് 73,61,659/- രൂപയാണ്. ഗ്രാമപഞ്ചായത്തിൽ തൻവർഷം സഞ്ചയപ്രകാരമുള്ള വസ്തുനികുതി ഡിമാന്റിന്റെ നൂറ് ശതമാനവും പിരിവ് വന്നിട്ടുണ്ട്. എന്നാൽ ഡിമാന്റ് നൂറ് ശതമാനത്തിലേക്ക് എത്തിക്കുവാൻ സാധിച്ചിട്ടില്ല.

### ഫീൽഡ് തല പരിശോധനകൾ

കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ് വെയറിൽ ചേർത്ത് ആയതിന്റെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ നികുതി പുനർനിർണ്ണയിക്കുന്നതിനാവശ്യമായ വിവരശേഖരണം നടത്തുന്നതിനും ഡാറ്റാ എൻട്രി നടത്തുന്നതിനും ഡിപ്ലോമ (സിവിൽ എഞ്ചിനീയറിങ്ങ്), ഐ.ടി.ഐ ഡ്രാഫ്റ്റ്സ്മാൻ (സിവിൽ), ഐ.ടി.ഐ സർവ്വേയർ എന്നീ യോഗ്യതയിൽ കുറയാത്തവരെ നിയമിക്കാവുന്നതാണെന്ന് നികുതി പരിഷ്കരണം സംബന്ധിച്ച സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി മുഖാന്തിരം ജി.ഐ.എസ് മാപ്പിംഗ് മുഖേന വിവരശേഖരണം ആരംഭിച്ചിട്ടുണ്ട്. റോഡുകളുടെ വിവര ശേഖരണം നിലവിൽ പൂർത്തിയായിട്ടുണ്ട്.

### ആസ്തി രജിസ്റ്ററിലെ റോഡുകളുടെ എണ്ണവും തരവും അതേപടി സഞ്ചയയിലെ റോഡ് മാസ്റ്ററിൽ ഉൾപ്പെടുത്താത്തതിനാൽ നികുതി നഷ്ടം സംഭവിക്കുന്നു.

ആസ്തി രജിസ്റ്റർ പ്രകാരം 5 മീറ്ററിൽ കൂടുതൽ വീതിയുള്ള പല റോഡുകളും സഞ്ചയ റോഡ് മാസ്റ്ററിൽ 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ളവ എന്ന വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. വസ്തു നികുതി നിർണയിക്കുമ്പോൾ റോഡുകളുടെ വീതിക്ക് അനുസൃതമായി വർദ്ധനവ് വരുത്തുമ്പോൾ പഞ്ചായത്തിന് വരുമാനനഷ്ടം ഉണ്ടാകാൻ ഇത് കാരണമാകുന്നു. ഖണ്ഡിക 1-10 കാണുക.

ജി1, ജി2, ഐ എന്നിവയിൽ ഉൾപ്പെട്ട കെട്ടിടങ്ങൾ ഒഴികെയുള്ള എല്ലാ കെട്ടിടങ്ങളും ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ നിർബന്ധമായും പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തേണ്ടതാണെന്ന് 2019 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 21 (1) ൽ വ്യക്തമാക്കിയിട്ടുണ്ട്. പിന്നീട് രണ്ട് വർഷത്തിന് ശേഷം എപ്പോൾ വേണമെങ്കിലും പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്താമെന്ന് മേൽ ചട്ടത്തിലെ ചട്ടം 21 (1) ലും വ്യക്തമാക്കിയിട്ടുണ്ട്. ചട്ടപ്രകാരം പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തിയാൽ നികുതി നിർണ്ണയത്തിന് ശേഷം നടന്നിരിക്കാൻ സാധ്യതയുള്ള കൂട്ടിച്ചേർക്കലുകൾ, ഉപയോഗക്രമ മാറ്റം തുടങ്ങിയവയൊക്കെ കണ്ടെത്താൻ സാധിക്കുന്നതും ആയതിനനുസരിച്ച് നികുതി പുനർനിർണ്ണയം നടത്താൻ സാധിക്കുന്നതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തുന്നില്ല.

**തൊഴിൽ നികുതി**

ഗ്രാമപഞ്ചായത്തിൽ 2022-23 വർഷത്തെ ജീവനക്കാരുടെ തൊഴിൽനികുതി ഇനത്തിലുള്ള വരവ് 2272960/- രൂപയാണ്. തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം തൻവർഷം തൊഴിൽ നികുതിയുടെ ഡിമാന്റിന്റെ നൂറ് ശതമാനവും പിരിവ് വന്നിട്ടുണ്ട്. എന്നാൽ ഡിമാന്റ് പൂർണ്ണമല്ല. ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനിയർമാർ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ കട വ്യാപാരികൾ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയം തൊഴിലിൽ ഏർപ്പെട്ടവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, എഞ്ചിനിയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, റേഷൻ കട വ്യാപാരികൾ, സ്വകാര്യ സ്കൂൾ/ കോളേജുകൾ തുടങ്ങി തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. വാണിജ്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ട്രേഡ് ലൈസൻസ് എടുക്കുന്നുണ്ട് എന്നും തൊഴിൽ നികുതി പരിധിയിൽ വരുന്നുണ്ട് എന്നും ഉറപ്പ് വരുത്തേണ്ടതാണ്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

1. കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തുന്നതിനുള്ള നടപടികൾ എത്രയും വേഗം പൂർത്തിയാക്കേണ്ടതാണ്. ഇത്തരത്തിൽ വിവരശേഖരണം നടത്തുന്നതോടൊപ്പം പ്രസ്തുത കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ, ജീവനക്കാരുടെ, ലൈസൻസ് സംബന്ധിച്ച വിവരങ്ങൾ തുടങ്ങിയവ ശേഖരിച്ച് ലൈസൻസ്, തൊഴിൽ നികുതി ഡിമാന്റ് നൂറ് ശതമാനത്തിലേക്ക് എത്തിക്കാൻ സാധിക്കുന്നതാണ്.
2. ഫീൽഡ് തല പരിശോധനയിലൂടെ അനധികൃത നിർമ്മാണങ്ങളെ പ്രാരംഭഘട്ടത്തിൽ തന്നെ തിരിച്ചറിഞ്ഞ് നടപടി സ്വീകരിച്ച്, നിർമ്മാണ പൂർത്തീകരിച്ചതിന് ശേഷമുണ്ടാകാനിടയുള്ള സങ്കീർണ്ണതകൾ ഒഴിവാക്കേണ്ടതാണ്. വാർഡ് അടിസ്ഥാനത്തിൽ അനധികൃത നിർമ്മാണങ്ങൾ റിപ്പോർട്ട് ചെയ്യാനായി ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തേണ്ടതും ഇക്കാര്യം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും വികസന സ്റ്റാന്റിംഗ് കമ്മിറ്റിയും പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.
3. ഗ്രാമപഞ്ചായത്തിൽ യുക്തമായ സ്ഥലങ്ങളിൽ സേവന ഉപനികുതി ഏർപ്പെടുത്തി നികുതി വരുമാനം വർദ്ധിപ്പിക്കാവുന്നതാണോ എന്ന് പരിശോധിക്കാവുന്നതാണ്.
4. തൊഴിൽ നികുതിഡിമാന്റ് നൂറ് ശതമാനം കൈവരിക്കുന്നതിന് ഫീൽഡ് പരിശോധന നടത്തി പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളെയും ജീവനക്കാരെയും തൊഴിൽ നികുതി പരിധിയിൽ കൊണ്ടുവരേണ്ടതാണ്.
5. ഫീൽഡ് തല പരിശോധനയുടെ അടിസ്ഥാനത്തിൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ റോഡ് മാസ്റ്റർ കാലികമാക്കേണ്ടതാണ്.
6. ഗ്രാമപഞ്ചായത്തിന്റെ പ്രാദേശിക/പാരിസ്ഥിതിക അവസ്ഥയ്ക്കനുസരിച്ച് വരവുകൾ ലഭ്യമാക്കുന്നതിന്

പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. ഭാവിയിൽ പ്രാദേശിക/പാരിസ്ഥിതിക അവസ്ഥയ്ക്കനുസരിച്ച് വരവുകൾ ലഭ്യമാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കേണ്ടതും ആയത് പ്രകാരം തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യേണ്ടതും ഭരണ സമിതിക്ക് ശുപാർശകൾ നൽകേണ്ടതുമാണ്.

**1-9 ബാങ്കിൽ പണം അടവാക്കുന്നതിൽ കാലതാമസം**

കേരള ഫിനാൻഷ്യൽ കോഡ് വോളിയം 1 ആർട്ടിക്കിൾ 7(2) പ്രകാരം ദിവസേനയുള്ള കളക്ഷൻ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്കിൽ അടയ്ക്കേണ്ടതാണ്. എന്നാൽ കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 04.08.2023 തീയതിയിലെ ഫ്രണ്ട് ഓഫീസ് കളക്ഷനായ 63995 രൂപ തൊട്ടടുത്ത പ്രവൃത്തി ദിവസം ബാങ്കിൽ അടവാക്കിയിട്ടില്ല. പ്രസ്തുത തുക രണ്ട് പ്രവൃത്തി ദിവസങ്ങൾക്കുശേഷം 08.08.2023 തീയതിയിലാണ് ബാങ്കിൽ അടവാക്കിയത്. എന്നാൽ തുടർ ദിവസങ്ങളിലെ തുകകൾ അതത് ദിവസം തന്നെ ബാങ്കിൽ അടവാക്കിയിട്ടുണ്ട്. മേൽ തുക ബാങ്കിൽ അടവാക്കാതെ കൈവശം സൂക്ഷിച്ചതിന്റെ കാരണം വിശദമാക്കേണ്ടതും അപാകത ആവർത്തിക്കുന്നില്ല എന്നത് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്.

**1-10 കുറഞ്ഞ നിരക്കിൽ വസ്തുനികുതി ഈടാക്കി**

ഫയൽ നമ്പർ- A1-5674/31-08-22- സി. ജെ. ടെന്നിസൻ പ്രസിഡണ്ട് കോടഞ്ചേരി ഹാൻഡ് ബോൾ ക്ളബ് എന്നവരുടെ ഉടമസ്ഥതയിലുള്ള വാർഡ് **17** ലെ 354 K നമ്പർ കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 514.52m2 ആണ്. എന്നാൽ വാണിജ്യാവശ്യത്തിനുള്ള 100 ച. മീറ്റർ വരെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നിശ്ചയിച്ച് നിരക്കിലാണ് (50 രൂപ) വസ്തുനികുതി ഈടാക്കിയിരിക്കുന്നത്. 100 ച. മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നിശ്ചയിച്ച നിരക്ക് 60 രൂപയാണ്. ഇപ്രകാരം കുറഞ്ഞ നിരക്കിൽ നികുതി ഈടാക്കുന്നത് മൂലം അടിസ്ഥാനവസ്തുനികുതിയിനത്തിൽ മാത്രം പ്രതിവർഷം 5146/-രൂപയുടെ നഷ്ടം ഉണ്ടാകുന്നുണ്ട്. നികുതി പുനർനിർണ്ണയിച്ച് ഈടാക്കേണ്ടതും ഇപ്രകാരം മറ്റ് കെട്ടിടങ്ങളിൽനിന്ന് കുറഞ്ഞ നിരക്കിൽ നികുതി ഈടാക്കുന്നുണ്ടോ എന്ന് പരിശോധിച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-11 വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് വരുത്താത്തതിനാൽ നികുതി നഷ്ടം**

ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി നിർണ്ണയ ഫയലുകൾ പരിശോധിച്ചതിൽ നികുതി നിർണ്ണയിച്ചപ്പോൾ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് വരുത്താത്തതിനാൽ നികുതി നഷ്ടം ഉണ്ടായതായി കാണുന്നു.

1. ഫയൽ നമ്പർ Sc1-333/22, വാർഡ് 8, 52A, വലിയ കൊല്ലി – പൊട്ടൻകോട് റോഡ്

ശ്രീമതി. മോളി പിന്നക്കാട്ട് ഹൗസ് എന്നവരുടെ ഉടമസ്ഥതയിലുള്ള വാണിജ്യ കെട്ടിടത്തിന്റെ നികുതി നിർണയിച്ചപ്പോൾ 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് എന്ന് സഞ്ചയയിൽ സെലക്ട് ചെയ്ത് നികുതി നിർണയിച്ചിരിക്കുന്നു. എന്നാൽ ആസ്തി രജിസ്റ്റർ പ്രകാരം പ്രസ്തുത റോഡ് ആറ് മീറ്റർ വീതിയുള്ളതാണ്.

2. ഫയൽ നമ്പർ 6896/22, വാർഡ് 2, 237A, അടിവാരം – നൂറാംതോട് റോഡ്

ശ്രീ. സന്തോഷ് ജോസഫ്, കാട്ടുനിലത്തിൽ എന്നവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ നിർണ്ണയിച്ചപ്പോൾ ആറുമീറ്റർ വീതിയുള്ള റോഡിന് പകരം ഒന്നര മീറ്ററിൽ കൂടുതൽ വീതിയുള്ള മറ്റൊരു റോഡ് തെറ്റായി സെലക്ട് ചെയ്തു.

3. ഫയൽ നമ്പർ 2374/22, വാർഡ് 2, 371A, നൂറാംതോട് – കരിമ്പ് റോഡ്

ശ്രീമതി. പ്രേമ, രാധ മുടക്കണ്ണിൽ എന്നവരുടെ ഉടമസ്ഥതയിലുള്ള വാണിജ്യ കെട്ടിടത്തിന്റെ നികുതി നിർണയിച്ചപ്പോൾ 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് എന്ന് സഞ്ചയയിൽ സെലക്ട് ചെയ്ത് നികുതി

നിർണയിച്ചിരിക്കുന്നു. എന്നാൽ ആസ്തി രജിസ്റ്റർ പ്രകാരം പ്രസ്തുത റോഡ് ആറ് മീറ്റർ വീതിയുള്ളതാണ്.

ഇപ്രകാരം സഞ്ചയയിൽ തെറ്റായി റോഡ് സെലക്ട് ചെയ്യുന്നതുമൂലവും ആസ്തി രജിസ്റ്ററിലെ റോഡുകളുടെ എണ്ണവും തരവും ഉൾപ്പെടുത്തി സഞ്ചയ റോഡ് മാസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല എന്നതിനാലും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 5 മീറ്ററിൽ കൂടുതൽ കൂടുതൽ വീതിയുള്ള റോഡിന് ലഭ്യമാകേണ്ട 20% വർദ്ധനവ് ബാധകമാകുന്നില്ല. ഇതു മൂലം പഞ്ചായത്തിന് വസ്തുനികുതി ഇനത്തിൽ ഭീമമായ നഷ്ടം ഉണ്ടാകുന്നു. സഞ്ജയറോഡ് മാസ്റ്റർ കാലികമാക്കി നികുതി പുനർ നിർണയിച്ച് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-12 സ്ഥിര നിക്ഷേപങ്ങൾക്ക് പലിശ ലഭ്യമായതിൽ കുറവ്

ഗ്രാമ പഞ്ചായത്തിലെ സ്ഥിര നിക്ഷേപങ്ങൾക്ക് 20-21,21-22 വർഷങ്ങളിൽ ലഭിച്ച പലിശ വരവുകൾ പരിശോധിച്ചതിൽ ഫെഡറൽ ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള താഴെ കൊടുത്ത നിക്ഷേപത്തിന് പലിശ ലഭ്യമായതിൽ കുറവ് ഉണ്ടായിട്ടുണ്ടെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിക്ഷേപിച്ച തിയ്യതി | സർട്ടിഫിക്കറ്റ് നമ്പർ | നിക്ഷേപിച്ച തുക | പലിശ നിരക്ക് | കാലാവധി പൂർത്തിയായ തിയ്യതി | ലഭിച്ച പലിശ | ലഭിക്കേണ്ട പലിശ | കുറവ് |
|---|---|---|---|---|---|---|---|
| 10.11.2020 | 26570000009352 | 7000000 | 5.1% | 10.11.21 | 340625 | 357000 | 16375 |
| 10.11.2021 | 20570300009352 | 7340625 | 5.1 | 10.11.22 | 343016 | 374372 | 31356 |
| | | | | | | ആകെ | 47731 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും തുക ബാങ്കിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടച്ച് രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്.

## 1-13 പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം - നിയമാനുസൃത പിഴ ഈടാക്കിയില്ല

1.2.2012 തിയ്യതിയിലെ ജി.ഒ(പി)13/2012/പി.ഡബ്ള്യൂ.ഡി കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി കാലാവധി നീട്ടി അനുവദിക്കാവുന്നതാണ്. ഇതിനായി കരാറുകാരൻ എ. ഇ മുഖേന അപേക്ഷ നൽകേണ്ടതുണ്ട്. ആദ്യതവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യ തവണക്കു ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്.PWD മാനുവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരാമവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനും പാടില്ല. ഇത്തരം പ്രവൃത്തികൾ ക്രമീകരിച്ച ശേഷമേ കരാറുകാരന് തുക നൽകാവൂ. താഴെ കൊടുത്ത പദ്ധതികളുടെ പ്രവൃത്തി കാലാവധി ഇതു പ്രകാരം നൽകാവുന്ന പരമാവധി കാലാവധിയ്ക്ക് ശേഷമാണ് പൂർത്തീകരിച്ചിട്ടുള്ളത്. ഒരു പ്രവൃത്തി

ഈ കാലാവധിയും കഴിഞ്ഞാണ് ആരംഭിക്കുന്നത്. തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.08.2018 ലെ എ.സി2/223/15. ത.സ്വ.ഭ.വ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്ത പക്ഷം ആദ്യത്തെ മൂന്ന് മാസത്തേക്ക് കരാർ തുകയുടെ 1% വും പിന്നീടുള്ള ഓരോ മൂന്ന് മാസത്തേക്കും കരാർ തുകയുടെ 2% നിരക്കിലും പിഴ ഈടാക്കേണ്ടതാണ്. പി.ഡബ്ല്യൂ.ഡി. മാന്വലിൽ നിർദ്ദേശിക്കും പ്രകാരമുള്ള കുറഞ്ഞ നിരക്ക് 3% ശതമാനം കണക്കാക്കിയാൽ പോലും കരാറുകാരിൽ നിന്നും 19303/- രൂപ പിഴയായി ഈടാക്കേണ്ടതായിരുന്നു.

മുൻവർഷങ്ങളിൽ രൂപീകരിച്ച് സ്പിൽഓവർ പദ്ധതികളായി ഉൾപ്പെട്ട താഴെ ചേർക്കുന്ന പ്രവൃത്തികൾ എഗ്രിമെന്റ് കാലാവധിയ്ക്കുള്ളിൽ പൂർത്തീകരിക്കാതിരുന്നിട്ടും നിയമാനുസൃത നിരക്കിൽ പിഴ ഈടാക്കിയിട്ടില്ല.

| പ്രോജക്റ്റ് പേര്/നമ്പർ | അടങ്കൽ/ഫണ്ടിനം /എസ്റ്റി. PAC | ചെലവ് /ബിൽ നമ്പർ | കരാർ തിയ്യതി/കരാറുകാരൻ /സൈറ്റ് ഏറ്റെടുത്ത തിയ്യതി | പൂർത്തീകരിക്കേണ്ട തിയ്യതി/പൂർത്തീകരിച്ച തിയ്യതി/ഈടാക്കേണ്ട പിഴ |
|---|---|---|---|---|
| നിരന്നപാറ വാരിക്കോട്ടൂർ പൈപ്പ് ലൈൻ നീട്ടൽ, 61/23 | 357630/- ധനകാര്യകമ്മീഷൻ ഗ്രാന്റ് 356481/- | 357630/- 54/19.8.22 | 26.2.21 പി.സി.മൊയിതീൻ 26.2.21 | 25.6.21 12.1.22 3% - 10694 |
| നൂറാംതോട് സബ്സെന്റർ മെയിന്റനൻസ്, 103/23 | 383135/- സംരക്ഷണഗ്രാന്റ് റോഡിതരം 400984/- | 379714/- 79/14.922 | 15.10.20 ആരിഫ് മുഹമ്മദ് 15.10.20 | 14.4.21 24.2.22 3% - 12030/- ബില്ലിൽ 3421 രൂപ ഈടാക്കി. ബാക്കി -8609/- |

മുകളിൽ കൊടുത്തതിൽ രണ്ടാമത്തെ പ്രവൃത്തി ആരംഭിക്കുന്നത് കരാർ വച്ച് 11 മാസങ്ങൾക്ക് ശേഷം 15.9.21 നാണ്. പ്രവൃത്തി ആരംഭിക്കാനുണ്ടായ ഈ കാലതാമസത്തിന്റെ കാരണം വ്യക്തമല്ല. പ്രവൃത്തി ആരംഭിക്കാത്തതിന് കരാറുകാരനോട് വിശദീകരണം ആവശ്യപ്പെട്ടതായും കാണുന്നില്ല. പ്രവൃത്തി ആരംഭിക്കുന്നതിനുണ്ടായ കാലതാമസവും, മേൽ പ്രവൃത്തികളിൽ നിയമാനുസൃത നിരക്കിൽ പിഴ ഈടാക്കാതിരുന്നതിന്റെ കാരണവും വിശദീകരിക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. നിയമാനുസൃത പിഴ ഈടാക്കി അറിയിക്കേണ്ടതാണ്.

**1-14 കക്കൂസ് നിർമ്മാണം പദ്ധതിയിൽ ഒരു ഗുണഭോക്താവിന് അധികം തുക അനുവദിച്ചു**

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

പദ്ധതി - 15/23

ചെലവ് - 246400/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

കക്കൂസ് നിർമ്മാണത്തിനായി ഒരു ഗുണഭോക്താവിന് 15400 വീതം സബ്സിഡി അനുവദിച്ച് 16 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത്. 16 ഗുണഭോക്താക്കൾക്ക് 15,400/- രൂപ വീതം 2,46,400/- രൂപ പിൻവലിച്ച് വിതരണം ചെയ്തിട്ടുണ്ട്. വിതരണ വിശദാംശങ്ങൾ പരിശോധിച്ചിതിൽ ശ്രീമതി. ആശ ചുള്ളിയോട്, തെയ്യപ്പാറ എന്ന ഗുണഭോക്താവിന് 7,700/- രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

| ബിൽ നമ്പർ | തുക |
|---|---|
| 277/24.2.23 | 15400 |
| 352/17.3.23 | 7700 |

ശ്രീമതി. ആശയ്ക്ക് 7,700/- രൂപ അധികമായി നൽകിയതിനാൽ ശ്രീ. ബേബി പി. എം എന്ന ഗുണഭോക്താവിന് ആനുകൂല്യം നൽകാൻ കഴിയാതിരിക്കുകയും തുടർന്ന് ആനുകൂല്യം നൽകാനായി 23-24 വർഷത്തിൽ 7,700/- രൂപ വകയിരുത്തി പദ്ധതി തയ്യാറാക്കിയിട്ടുമുണ്ട്.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അധികം നൽകിയ തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-15 ഡയാലിസിസ് രോഗികൾക്ക് മരുന്ന് വാങ്ങൽ പദ്ധതി - മരുന്നിനായി അധിക തുക ചെലവഴിച്ചു**

നിർവ്വഹണ ഉദ്യോഗസ്ഥൻ - പി.എച്ച്.സി. മെഡിക്കൽ ഓഫീസർ

പദ്ധതി - 18/23

ചെലവ് തുക - 399988

ബിൽ നമ്പർ - 221/4.2.23

ഗ്രാമ പഞ്ചായത്തിലെ ഡയാലിസിസ് രോഗികൾക്ക് 3 തരത്തിലുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിനാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് സമർപ്പിച്ചിട്ടുള്ള സപ്ലൈ ഓർഡറിന്റെ അടിസ്ഥാനത്തിൽ 30.12.22 ൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ സമർപ്പിച്ചിട്ടുള്ള PRF 3300 നമ്പർ പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ ആണ് മെഡിക്കൽ ഓഫീസർ 399988 രൂപ അനുവദിച്ചിട്ടുള്ളത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) മരുന്നിന് അധിക വില ഈടാക്കി.

ലഭ്യമാക്കിയ മരുന്നിന്റെ വിശദാംശങ്ങൾ പരിശോധിച്ചതിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ പ്രൊഫോർമ ഇൻവോയ്സിൽ ആവശ്യപ്പെട്ടതിലും കൂടുതൽ വില ഈടാക്കിയിട്ടുണ്ടെന്ന് കാണുന്നു.

| മരുന്ന്/ ഉപകരണം | ലഭ്യമായ എണ്ണം | പ്രോഫോർമ ഇൻവോയ്സ് പ്രകാരം അനിവദിക്കേണ്ട തുക | ഈടാക്കിയ തുക | അധികം അനുവദിച്ചത് |
|---|---|---|---|---|
| ബ്ലഡ് ട്യൂബിങ്ങ് സെറ്റ് | 400 | 57715.84 | 58967 | 1251 |
| ഡയലൈസർ | 407 | 267375.8 | 277909.78 | 10533.98 |

| | | | | |
|---|---|---|---|---|
| | | | ആകെ | 11784.98 |

മരുന്നുകൾ സമയ ബന്ധിതമായി ലഭ്യമാക്കാതെ വളരെ വൈകിയാണ് ലഭ്യമാക്കിയിട്ടുള്ളത്. കൂടാതെ മരുന്നിന് കൂടുതൽ വില നൽകേണ്ടി വരികയും ആവശ്യമുള്ള 18 ഡയലൈസർ ലഭിക്കാതിരിക്കുകയും ചെയ്തു.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അധികം ചെലവഴിച്ച തുക ഉത്തരവാദിയായവരിൽ നിന്ന് തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-16 അരുമയോടൊപ്പം അറിവിലേക്ക് - പദ്ധതി നടത്തിപ്പിന്റെ വിശദ വിവരം ലഭ്യമല്ല.**

| | |
|---|---|
| പ്രോജക്റ്റ് നം./പേര് | 227/23 അരുമയോടൊപ്പം അറിവിലേക്ക് |
| അടങ്കൽ | 75,000/- വികസന ഫണ്ട് (പൊതുവിഭാഗം) |
| ചെലവ് | 75,000/- (ബിൽ നം. 532/22-23 തീയതി 31.3.2023 ) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |

കോഴിക്കോട് ജില്ലയിലെ ഗ്രാമ പഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ എന്നിവ കോഴിക്കോട് ജില്ലാ പഞ്ചായത്തുമായി സഹകരിച്ച് സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് അരുമയോടൊപ്പം അറിവിലേക്ക്. കോഴിക്കോട് ജില്ലയിലെ ഹൈസ്കൂൾ - ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് ഹൈസ്കൂൾ - ഹയർ സെക്കണ്ടറി തുല്യതാ കോഴ്സുകൾ നടത്തി പരീക്ഷയ്ക്കു ശേഷം സർട്ടിഫിക്കറ്റുകൾ നൽകുന്നതിനാണ് ഈ പ്രോജക്റ്റ്. കോഴിക്കോട് വിദ്യാഭ്യാസ ഉപഡയരക്ടറാണ് ജില്ലയിലെ ഈ പദ്ധതിയുടെ നിർവഹണ ഉദ്യോഗസ്ഥൻ. ഈ പദ്ധതിയുടെ നടത്തിപ്പിനായി 31.3.2023 ലെ ബിൽ നം. 532/22-23 പ്രകാരം 75,000 രൂപ സംസ്ഥാന സാക്ഷരതാ മിഷന് കൈമാറിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന കാര്യങ്ങളിൽ വ്യക്തതയില്ലാത്തതിനാൽ താഴം പറയുന്ന കാര്യങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ടിരുന്നു.

1. കോഴിക്കോട് വിദ്യാഭ്യാസ ഉപഡയരക്ടറാണ് ജില്ലയിലെ ഈ പദ്ധതിയുടെ നിർവഹണ ഉദ്യോഗസ്ഥൻ എന്നിരിക്കേ ഈ പദ്ധതിയുടെ നടത്തിപ്പിനായി 31.3.2023 ലെ ബിൽ നം. 532/22-23 പ്രകാരം 75,000 രൂപ സംസ്ഥാന സാക്ഷരതാ മിഷന് തുക കൈമാറിയിത് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കിയിട്ടില്ല.

2. ഗ്രാമ പഞ്ചായത്ത് ഈ പദ്ധതിക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന്റെ വിവരം ഗുണഭോക്തൃ ലിസ്റ്റ് സഹിതം ആവശ്യപ്പെട്ടിരുന്നു, എന്നാൽ ആയത് ലഭ്യമാക്കിയിട്ടില്ല.

3. സംസ്ഥാന സാക്ഷരതാ മിഷൻ ഈ പദ്ധതിക്കായി ചെയ്ത പ്രവർത്തനങ്ങളുടെ വിവരം.ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

4. സംസ്ഥാന സാക്ഷരതാ മിഷന് കൈമാറിയ 75,000 രൂപയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായെങ്കിൽ ആയത് ഹാജരാക്കണം എന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല.

മേൽ വിവരങ്ങൾ / രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നമ്പർ 5/2022-23 തീയതി 29.11.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിവരങ്ങൾ ലഭ്യമാക്കുന്നത് വരെ ഈയിനത്തിലുള്ള 75,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-17 വാഹന വാടക - വിശദ വിവരങ്ങൾ ലഭ്യമല്ല.**

അസി. എഞ്ചിനീയറുടെ ഓഫീസ് ആവശ്യാർത്ഥം KL57 G 9970 എന്ന ജീപ്പ് ഓടിയ ഇനത്തിൽ ശ്രീ. എൽദോ എന്ന വ്യക്തിക്ക് ഓഡിറ്റ് വർഷം താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

| വാഹനം ഓടിയ മാസം | വൗച്ചർ നമ്പർ, തീയതി | നിരക്ക് / കി. മീറ്ററിന് | നൽകിയ തുക | ചെക്ക് നമ്പർ, തീയതി |
|---|---|---|---|---|
| മാർച്ച് 2022 | 22200048, 25.4.2022 | 17 | 33,750 | 5473, 25.4.2022 |
| ഏപ്രിൽ 2022 | 22200115, 24.5.2022 | 17 | 25,773 | 5499, 24.5.2022 |
| മേയ് 2022 | 22200207, 18.6.2022 | 20 | 29,930 | 8168, 17.6.2022 |
| ജൂൺ 2022 | 22200273, 14.7.2022 | 20 | 27,950 | 8180, 14.7.2022 |
| ജൂലൈ 2022 | 22200378, 16.8.2022 | 20 | 27,500 | 8205, 16.8.2022 |
| ആഗസ്റ്റ്, സെപ്റ്റംബർ 2022 | 22200584, 23.10.2022 | 20 | 26,490 | 8470, 22.10.2022 |
| ഒക്ടോബർ 2022 | 22200608, 5.11.2022 | 20 | 28,900 | 8447, 28.9.2022 |
| നവംബർ 2022 ( ഭാഗികം ) | 22200655, 17.11.2022 | 20 | 16,300 | 8910, 17.11.2022 |
| നവംബർ ( ഭാഗികം ),ഡിസംബർ 2022 | 22200754, 21.12.2022 | 20 | 36,880 | 8931, 19.12.2022 |
| | | ആകെ | 2,53,473 | |

വാഹന വാടകയിനത്തിൽ മേൽ പ്രകാരം തുക നൽകിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന വിവരങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല (6/22-23/30.11.23).

1. ക്വട്ടേഷൻ/ടെണ്ടർ തുടങ്ങിയ വ്യവസ്ഥാപിത മാർഗ്ഗങ്ങളിലൂടെയാണോ ശ്രീ. എൽദോ എന്ന വ്യക്തിയെ വാഹനം വാടക്ക് നൽകാനായി തെരഞ്ഞെടുത്തത് ആയത് ഭരണസമിതി തീരുമാനപ്രകാരം ആണെങ്കിൽ പ്രസ്തുത ഭരണസമിതി തീരുമാന നമ്പരും തീയതിയും. ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നു എങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.

2. 2022 മേയ് മുതൽ വാടക നിരക്ക് കിലോമീറ്ററിന് 20 രൂപയായി വർദ്ധിപ്പിച്ചത് എപ്രകാരമാണെന്നും ആയത് ഭരണസമിതി തീരുമാനപ്രകാരം ആണെങ്കിൽ പ്രസ്തുത ഭരണസമിതി തീരുമാന നമ്പരും തീയതിയും. ആവശ്യപ്പെട്ടുരുന്നു എങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.

മേൽ വിവരങ്ങൾ ലഭ്യമാക്കുന്നത് വരെ ഈയിനത്തിലുള്ള 2,53,473/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-18 കോക്ലിയർ ഇംപ്ലാന്റ് ചെയ്തവർക്ക് ധനസഹായം - ഗുണഭോക്താക്കൾക്ക് പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിച്ചില്ല.**

പ്രോജക്ട് - കോക്ലിയർ ഇംപ്ലാന്റ് ചെയ്തവർക്ക് ധനസഹായം

പ്രോജക്ട് നമ്പർ - 196/23

നിർവഹണോദ്യോഗസ്ഥ - ഐ. സി. ഡി. എസ് സൂപ്പർവൈസർ

അടങ്കൽ - 1,00,000/- രൂപ – വികസന ഫണ്ട്

ചെലവ് - 1,00,000/- രൂപ

ബിൽ നമ്പർ - 535/2022-23 തീയതി 24.2.2023

കോടഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിയിലുൾപ്പെട്ട കോക്ലിയർ ഇംപ്ലാന്റ് ചെയ്തവർക്ക് ധനസഹായം പദ്ധതി പ്രകാരം 2 ഗുണഭോക്താക്കൾക്ക് കോക്ലിയർ ഇംപ്ലാന്റ് മെയിന്റനൻസ് സൗകര്യം ലഭ്യമാക്കുന്നതിനായി മേൽപ്രകാരം 1,00,000/- രൂപ 24.2.2023 ന് കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ അടച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയതി വരെ ( 29.11.2023 വരെ ) ഈ ഗുണഭോക്താക്കൾക്ക് പദ്ധതി പ്രകാരമുള്ള കോക്ലിയർ ഇംപ്ലാന്റ് മെയിന്റനൻസ് സൗകര്യം കേരള സാമൂഹ്യ സുരക്ഷാ മിഷൻ ലഭ്യമാക്കിയിട്ടില്ല. കേരള സാമൂഹ്യ സുരക്ഷാ മിഷനുമായി ബന്ധപ്പെട്ട് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് പദ്ധതി പ്രകാരമുള്ള കോക്ലിയർ ഇംപ്ലാന്റ് മെയിന്റനൻസ് സൗകര്യം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നമ്പർ 2/2022-23 തീയതി 29.11.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല. കേരള സാമൂഹ്യ സുരക്ഷാ മിഷനുമായി ബന്ധപ്പെട്ട് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് പദ്ധതി പ്രകാരമുള്ള കോക്ലിയർ ഇംപ്ലാന്റ് മെയിന്റനൻസ് സൗകര്യം ലഭ്യമാക്കേണ്ടതാണ്. പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് കോക്ലിയർ ഇംപ്ലാന്റ് മെയിന്റനൻസ് സൗകര്യം ലഭ്യമാക്കുന്നത് വരെ മേൽപ്രകാരമുള്ള 1,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-19 ക്ലീൻ കോടഞ്ചേരി ഗ്രീൻ കോടഞ്ചേരി അജൈവമാലിന്യങ്ങൾ നീക്കം ചെയ്യൽ അംഗീകൃത ഏജൻസിക്ക് തുക നൽകൽ – പദ്ധതി നടത്തിപ്പിലെ അപാകതകൾ**

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

പദ്ധതി -14/23

ചെലവ് - 500000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ബിൽ - 184,185//9.1.23

ഹരിത കർമ്മസേന ഗ്രാമപഞ്ചായത്തിലെ വീടുകളിൽ നിന്ന് ശേഖരിക്കുന്ന റിജക്റ്റഡ് അജൈവ വസ്തുക്കൾ കൈയ്യൊഴിയുന്നതിന് ഏജൻസിക്ക് തുക നൽകുന്നതിനാണ് 2022-23 വർഷത്തിൽ പുതിയ പദ്ധതിയായി നടപ്പിലാക്കിയത്. നീക്കം ചെയ്തിട്ടുള്ള അജൈവ വസ്തുക്കൾ കൈയ്യൊഴിയുന്നതിന് ക്ലീൻ കേരള കമ്പനി എന്ന അംഗീകൃത സ്ഥാപനത്തിന് പണം നൽകുന്നതിനാണ് പദ്ധതി.ഒരു കിലോ അജൈവ മാലിന്യങ്ങൾ 18% നികുതി ഉൾപ്പെടെ 11.80 രൂപ വീതമാണ് അനുവദിച്ചിട്ടുള്ളത് പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) <u>അജൈവ മാലിന്യത്തിന്റെ അളവിലെ അപാകത.</u>

ഗ്രാമ പഞ്ചായത്തിൽ നിന്ന് ശേഖരിച്ചിട്ടുള്ള മാലിന്യങ്ങൾ തൂക്കി അളവെടുത്തിന്റെ ബിൽ ക്ലീൻ കേരള കമ്പനി ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിട്ടുള്ളത്. ബില്ലുകൾ പരിശോധിച്ചതിൽ മാലിന്യങ്ങൾ തൂക്കം എടുക്കുന്നത് ഗ്രാമ പഞ്ചായത്ത് ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിലായിരിക്കണം എന്ന നിബന്ധന പാലിച്ചിട്ടില്ല. ഒരു ബില്ലിലും പഞ്ചായത്ത് ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ല. ഈ സ്ഥാപനവുമായി ഉണ്ടാക്കിയിട്ടുള്ള കരാർ പ്രകാരം ഹരിത കർമ്മ സേന വീടുകളിൽ നിന്ന് ശേഖരിക്കുന്ന അജൈവ പാഴ് വസ്തുക്കൾ ഇനം തിരിച്ച് ചാക്കുകളിലാക്കി തൂക്കം രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ ഒരു കണക്ക് ഹരിതകർമ്മ സേന സൂക്ഷിച്ചിട്ടില്ല. ആതായത് കയറ്റി അയച്ച മാലിന്യത്തിന്റെ അളവിന് ഒരു ആധികാരികതയുമില്ല.

2) അജൈവ മലിന്യ സംസ്കരണത്തിന്റെ ചുമതലയുള്ള ക്ലീൻ കേരള കമ്പനി ഹരിതകർമ്മസേന വിവിധ

വാർഡുകളിൽ നിന്ന് ശേഖരിക്കുന്ന മാലിന്യങ്ങൾ സംസ്കരണ കേന്ദ്രത്തിലേക്ക് എത്തിക്കുകയുമാണ് ചെയ്യുന്നത്. ഉപയോഗയോഗ്യമല്ലാത്ത മാലിന്യങ്ങൾ സ്ഥാപനം സംസ്കരിക്കുന്നത് എങ്ങനെയെന്നതിന്റെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

3) ഹരിതകർമ്മ സേനയെ സ്വയം പര്യാപ്തമാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിലെ അജൈവ മലിന്യ സംസ്കരണത്തിന്റെ ക്ലീൻ കേരള കമ്പനി എന്ന സ്ഥാപനത്തിനാണ് കരാർ നൽകിയിട്ടുള്ളത്. 33 കർമ്മ സേനാംഗങ്ങൾ ആണ് പഞ്ചായത്തിൽ ഉള്ളത്. സ്വന്തമായി എല്ലാ സൌകര്യങ്ങളോടെയുമുള്ള എം.സി.എഫും മറ്റ് സൌകര്യങ്ങളും ഉണ്ടായിട്ടും നിലവിൽ പ്രവർത്തിക്കാത്ത അവസ്ഥയിലാണ് ഹരിതകർമ്മസേന എന്ന് രേഖകൾ പരിശോധിച്ചതിൽ വ്യക്തമാണ്. എല്ലാ വീടുകളിലും കയറി കൃത്യമായ ഇടവേളകളിൽ മാലിന്യങ്ങൾ ശേഖരിക്കുന്നില്ല. ശേഖരിച്ചവ തന്നെ വേർതിരിച്ച് ഉപയോഗയോഗ്യമായത് വേർതിരിച്ച് വിൽപ്പന നടത്തുന്ന പ്രവർത്തികൾ നിലവിൽ നടക്കുന്നില്ല. എം.സി.എഫ് ശേഖരിച്ച വച്ചിരിക്കുന്ന മാലിന്യങ്ങൾ കൊണ്ട് നിറഞ്ഞ അവസ്ഥയിലാണ്.ഹരിതകേരള മിഷൻ നിലവിൽ വന്ന സാഹചര്യത്തിൽ റിജക്റ്റഡ് മാലിന്യം കൈയ്യൊഴിയുന്നതിന് ഗ്രാമ പഞ്ചായത്ത് 5 ലക്ഷം രൂപ വിനിയോഗിക്കേണ്ടി വന്നത് അംഗീകരിക്കാവുന്നതല്ല. മാലിന്യത്തിൽ നിന്നുള്ള വരവിൽ നിന്നു തന്നെയാണ് റിജക്റ്റഡ് മാലിന്യം കൈയ്യൊഴിയാനുള്ള ചെലവും വഹിക്കേണ്ടതെന്ന് സർക്കാർ നിർദ്ദേശങ്ങളിൽ നിന്നും വ്യക്തമാണ്. വി. ജി. എഫ്, വളരെ അപകടകരമായ മാലിന്യങ്ങൾ നീക്കുന്നതിനുള്ള ചെലവ്, പ്രതിമാസ ഫീസ് ഹരിത കർമ്മ സേനയ്ക്ക് നല്കാൻ ശേഷിയില്ലാത്ത അതിദരിദ്രർ, അഗതികൾ തുടങ്ങിയവരുടെ വരിസംഖ്യ, വാർഡുകളിൽ നിന്നും ശേഖരിക്കുന്ന മാലിന്യം എം. സി. എഫിലേക്ക് മാറ്റുന്നതിനുള്ള വാഹന ചെലവ്, എന്നീ ഇനങ്ങളിൽ മാത്രമാണ് ഗ്രാമ പഞ്ചായത്തിന് ചെലവ് വരേണ്ടത്. കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന സർക്കാർ മാർഗ്ഗരേഖകളിൽ പ്രതിപാദിക്കും വിധം ഹരിതകർമ്മ സേനയെ ശക്തിപ്പെടുത്താൻ സ്ഥാപനത്തിന് കഴിയാത്തതാണ് ഈ ഇനത്തിൽ വൻ ചെലവിന് കാരണമായതെന്ന് കാണാം. മാലിന്യശേഖരണം, കൈയ്യൊഴിയൽ എന്നിവയിലൂടെ ആർജ്ജിക്കുന്ന മുഴുവൻ വരുമാനവും സേനയ്ക്ക് ഉള്ളതാണെന്നിരിക്കെ അജൈവ മാലിന്യം ശേഖരിക്കുകയും വിൽപ്പന നടത്തി വരുമാനം ആർജിക്കാത്തതും കൊണ്ടും പരിതകർമ്മ സേനയുടെ വരുമാനം നഷ്ടപ്പെടുന്നുണ്ട്. മാലിന്യം, അവ സൃഷ്ടിക്കുന്നവരുടെ ഉത്തരവാദിത്വമാണെന്ന മുദ്രാവാക്യവുമായി സൃഷ്ടിക്കപ്പെട്ട മിഷന്റെ ഭാഗമാണ് സേനയെന്നിരിക്കെ അവർ പ്രവർത്തിക്കാതെ ഗ്രാമപഞ്ചായത്തിന് ബാധ്യത വരുന്നത് അംഗീകരിക്കാൻ കഴിയില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

**1-20 പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതിക്ക് വാഹനം വാടകക്ക് എടുക്കൽ - അപാകതകൾ**

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ

ചെലവ് തുക – 500000 വികസന ഫണ്ട്

ബിൽ തിയ്യതി – 29/13.6.22, 40/4.7.2246/5.8.22, 69/3.9.22, 95/10.10.22, 96/10.10.22, 116/8.11.22, 140/8.12.22, 181/6.1.23, 220/4.2.23, 325/7.3.23, 523/29.3.23

ഗ്രാമ പഞ്ചായത്തിൽ പി.എച്ച്.സി. മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പെയിൽ ആന്റ് പാലിയേറ്റീവ് പദ്ധതിയിൽ ഹോം കെയർ വിസിറ്റിനായി ഉപയോഗിക്കുന്നതിനായി വാഹനം വാടകയ്ക്കെടുക്കുകയാണ് ചെയ്തത്. ക്വൊട്ടേഷൻ മുഖേന വാഹനം തെരഞ്ഞെടുക്കുന്നതിന് നടത്തിയ ക്വട്ടേഷൻ രേഖകളിലും മറ്റും കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ക്വൊട്ടേഷൻ രേഖകൾ തിരുത്തലുകൾ ഉള്ളത്

ഓഡിറ്റിനായി സമർപ്പിച്ച ക്വട്ടേഷൻ രേഖകൾ മുഴുവൻ പേന ഉപയോഗിച്ച്

തിരുത്തിയവയാണ്. ക്വൊട്ടേഷൻ നോട്ടീസിലും ഉത്തരവ് നടപടികളിലും എല്ലാം തിരുത്തിയ തിയ്യതികളാണ് ഉള്ളത്. തെരഞ്ഞെടുത്ത കരാറുകാരൻ ശ്രീ. ഷാജി ജോസഫ് ക്വോട്ട് ചെയ്ത 1100 രൂപ പ്രതിദിനം എന്നത് വെട്ടി 1200രൂപയാക്കി മാറ്റിയിട്ടുണ്ട്. ഇതേ പദ്ധതിയ്ക്കായി മുൻവർഷത്തിൽ ഉപയോഗിച്ച രേഖകൾ തിരുത്തിയാണ് ഓഡിറ്റിന് സമർപ്പിച്ചതാണ്. കാരണം കരാർ ലഭിച്ച ശ്രീ. ഷാജി ജോസഫിന്റെ ക്വൊട്ടേഷൻ രേഖകളിൽ രേഖപ്പെടുത്തിയിട്ടുള്ള വാഹന നമ്പർ KL- 57 G 2759 ആണ്. എന്നാൽ പദ്ധതിയ്ക്കായി ഉപയോഗിച്ചിട്ടുള്ളത് KL-57 W 4095 എന്ന വാഹനമാണ്. ക്വട്ടേഷനായി പരസ്യം ചെയ്തതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല. കൂടാതെ വാഹന വാടകയിനത്തിൽ പദ്ധതിയിൽ രണ്ട് ലക്ഷത്തിലധികം ചെലവ് വരുന്നതായി അറിയാമായിരുന്നിട്ടും വ്യാപകമായി ടെണ്ടർ വിളിക്കാതെ ക്വട്ടേഷൻ വിളിച്ചതിനും വെട്ടിത്തിരുത്തിയ ക്വട്ടേഷൻ രേഖകൾ ഹാജരാക്കിയതിനും വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

2) 30.1.23 തിയ്യതിയിൽ വാഹനം ഓടിയതിനായി കാണിച്ച ട്രിപ്പ് ഷീറ്റ്, രശീതി എന്നിവ 30.7.2023 തിയ്യതിയിലേതാണ്. തെറ്റായ വൌച്ചർ സമർപ്പിച്ചാണ് 1200 രൂപ ചെലഴിച്ചിട്ടുള്ളത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിച്ച് വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. അപാകതകൾ പരിഹരിക്കുന്നതുവരെ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

**1-21 സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകൾ - ചെലവു തുകയുടെ രശീതി, വിനിയോഗ വിവരം എന്നിവ ലഭ്യമല്ല.**

ഓഡിറ്റ് വർഷം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകൾ പ്രകാരമുള്ള ചെലവിന്റെ രശീതി, വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ട് നം. | പ്രോജക്ട് | ചെലവു തുക, ഫണ്ട് | കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|
| 1 | 284/23 | ഡി. പി. സി. സെക്രട്ടേറിയറ്റ് രണ്ടാം ഘട്ട നിർമ്മാണം - വിഹിതം നൽകൽ | 2,00,000 – വികസന ഫണ്ട് - ജനറൽ | ജില്ലാ കളക്ടർ, കോഴിക്കോട്<br>2,00,000 –<br>ബിൽ നമ്പർ - 653/22-23, തീയതി 26.9.2022 |
| 2 | 137/23 | ഐ. കെ. എം. വിഹിതം അടവാക്കൽ | 1,33,975 – വികസന ഫണ്ട് - ജനറൽ | ഐ. കെ. എം. തിരുവനന്തപുരം<br>1,33,975 –<br>ബിൽ നമ്പർ - 649/22-23, തീയതി 26.9.2022 |
| | | ആകെ | 3,33,975 | |

മേൽ പ്രകാരം കൈമാറിയ തുകകളുടെ രശീതി, വിനിയോഗ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നമ്പർ 3/2022-23 തീയതി 30.11.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ തുകയുടെ വിനിയോഗ വിവരം ബന്ധപ്പെട്ടവരിൽ നിന്നും ലഭ്യമാക്കി അറിയിക്കേണ്ടതാണ്. വിനിയോഗ വിവരം ലഭ്യമാക്കുന്നത് വരെ മേൽപ്രകാരമുള്ള 3,33,975

രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-22 വനിതകൾക്ക് മെൻസ്ട്രൽ കപ്പ് വിതരണ പദ്ധതി – ആവശ്യകത കണക്കിലെടുക്കാതെയുള്ള വാങ്ങൽ**

നിർവ്വഹണ ഉദ്യോഗസ്ഥൻ - പി.എച്ച്.സി. മെഡിക്കൽ ഓഫീസർ

പദ്ധതി - 306/23

ചെലവ് തുക - 651900

ബിൽ നമ്പർ - 321/7.3.23

ഗ്രാമ പഞ്ചായത്തിലെ എല്ലാ വിഭാഗത്തിൽപ്പെട്ട വനിതകൾക്കും ദീർഘകാലം ഉപയോഗിക്കുകയും പുനരുപയോഗിക്കുകയും ചെയ്യാവുന്ന ഈ സംവിധാനം പ്രോൽസാഹിപ്പിക്കുന്നതിനും ഇതിനായി ബോധവൽക്കരണ പ്രചാരണ പരിപാടികൾ നടത്തി ഗുണഭോക്താക്കൾക്ക് നേരിട്ട് വിതരണം ചെയ്യുന്നതിനുമാണ് പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതി പ്രകാരം HLL LIFE CARE എന്ന സ്ഥാപനത്തിൽ നിന്ന് 300 രൂപ വിലയുള്ള 2173 വിവിധ സൈസുകളിലുള്ള മെൻസ്ട്രൽ കപ്പുകൾ വാങ്ങിയിട്ടുണ്ട്. ലഭ്യമായ സാധനങ്ങൾ സ്റ്റോക്കിൽ എടുത്ത് ജെ.എച്ച് .ഐയ്ക്ക് ഇഷ്യൂ ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ആവശ്യത്തിലധികം വാങ്ങി

നിർവ്വഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ ആകെ വിവിധ വാർഡുകളിലായി 1374 ഗുണഭോക്താക്കളാണ് ഉള്ളത്. ഈ ഗുണഭോക്താക്കൾ കപ്പുകൾ കൈപ്പറ്റിയതിന് പ്രത്യേകം രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഗുണഭോക്തൃ ലിസ്റ്റിൽ തന്നെ ഒപ്പിട്ട അവസ്ഥയിൽ ആണ് സൂക്ഷിച്ചിട്ടുള്ളത്. ഗുണഭോക്തൃ ലിസ്റ്റിൽ 1374 ഗുണഭോക്താക്കൾ മാത്രമേ ഉള്ളൂ എന്ന അവസ്ഥയിൽ 2173 കപ്പുകൾ വാങ്ങി 799 എണ്ണം വിതരണം ചെയ്യാതിരിക്കുകയായിരുന്നു.

2) പദ്ധതിയുടെ ഭാഗമായി ഗുണഭോക്താക്കൾക്ക് ബോധവൽക്കരണ പ്രചാരണ പരിപാടികൾ നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അധികമായി വാങ്ങിയ 799 കപ്പിന്റെ വില (799x300=239700) 239700 രൂപ യുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

**1-23 ഗ്രാമ സഭാ ലിസ്റ്റ് തയ്യാറാക്കാതെ പദ്ധതി നടപ്പിലാക്കി**

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

പദ്ധതി - 255/23 ചാണകം ഉണക്കിപ്പൊടിച്ച് ജൈവവളമാക്കൽ യൂണിറ്റ്

ചെലവ് തുക - 140000 (വികസന ഫണ്ട് ജനറൽ)

ബിൽ നമ്പർ - 485/28.3.23,534/31.3.23,536/31.3.23

ഗ്രാമ പഞ്ചായത്തിലെ അഞ്ച് ക്ഷീര സംഘങ്ങളിലെ ക്ഷീര കർഷകർക്ക് ചാണകം ഉണക്കിപ്പൊടിച്ച് ജൈവവളമാക്കൽ യൂണിറ്റ് സ്ഥാപിക്കുന്നതിന് ഒരു കർഷകന് 10000 രൂപ വീതം 14 കർഷകർക്കാണ് പദ്ധതി പ്രകാരം ആനുകൂല്യം നൽകിയിട്ടുള്ളത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ

1) പദ്ധതിയിൽ ആനുകൂല്യം ലഭിച്ച 14 ഗുണഭോക്താക്കളും ഗ്രാമ സഭ തെരഞ്ഞെടുത്ത ലിസ്റ്റിൽ ഉൾപ്പെട്ടവരല്ല. ക്ഷീര സംഘങ്ങളിൽ പ്രവർത്തിക്കുന്നവരാണെന്ന ക്ഷീരസംഘം സെക്രട്ടറിയുടെ

സാക്ഷ്യപത്രം ഉള്ള കർഷകരുടെ ലിസ്റ്റ് തയ്യാറാക്കി ഗ്രാമ സഭ അംഗീകരിച്ചിട്ടില്ല. ധാരാളം ക്ഷീരകർഷകരുള്ള ഗ്രാമ പഞ്ചായത്തിൽ ഇത്തരത്തിൽ പദ്ധതിനടപ്പിലാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2) പദ്ധതിയിൽ ആനുകൂല്യം ലഭിക്കുന്ന ക്ഷീരകർഷകർ ഉണ്ടാക്കിയ ജൈവവള യൂണിറ്റിന്റെ പൂർത്തീകരണ സാക്ഷ്യപത്രം പഞ്ചായത്തിന്റെ ഓവർസിയർ നൽകേണ്ടതാണ്. എന്നാൽ പദ്ധതിയിൽ ആനുകൂല്യം ലഭിച്ച ക്ഷീരകർഷകർ ഈ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല.

3) 28.5.22 ലെ സ.ഉ.(കൈ) 115/22/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.3(19) പ്രകാരം ഈ പദ്ധതിയിൽ അനുവദിക്കാനുന്ന സബ്സിഡി തുക ചെലവിന്റെ 50 ശതമാനം തുകയാണ്. ആയത് പരിശോധിക്കുന്നതിന് വാലുേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. ഫയലിനോടൊപ്പം സമർപ്പിച്ചിട്ടുള്ള പല ഫോട്ടോകളിലും ഷീറ്റ് വലിച്ചു കെട്ടിയ ഷെഡുകളിൽ ആണ് യൂണിറ്റ് പ്രവർത്തിക്കുന്നത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അപാകതകൾ പരിഹരിച്ച് രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക തടത്തിൽ വെയ്ക്കുന്നു.

**1-24 റിങ്ങ് കമ്പോസ്റ്റ് രണ്ടാം ഘട്ടം പദ്ധതി നടത്തിപ്പിലെ അപാകതകൾ**

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

പദ്ധതി -348/23

ചെലവ് - 850000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ബിൽ നമ്പർ തിയ്യതി - 510/28.3.23

മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട കുടുംബാംഗങ്ങൾക്ക് റിങ് കംപോസ്റ്റ് യൂണിറ്റുകൾ വിതരണം ചെയ്യുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) അധിക തുക ചെലവഴിച്ചു

പദ്ധതി പ്രകാരം റെയ്ഡ്കോ 319 റിങ് കമ്പോസ്റ്റ് യൂണിറ്റുകളാണ് പഞ്ചായത്തിൽ ഇറക്കിയിട്ടുള്ളത്. ഇതിനായി 850000 രൂപ ചെലവഴിച്ചിട്ടുണ്ട്. റെയ്ഡ്കോയുമായി ഉണ്ടാക്കിയിട്ടുള്ള കരാർ പ്രകാരം ഒരു യൂണിറ്റിന്റെ വില 2590 രൂപയാണ്. 319 യൂണിറ്റുകൾക്ക് വില 826210 രൂപയാണെന്നിരിക്കെ ( 319 X2590=826210) 850000 രൂപ അനുവദിക്കുക വഴി 23790 രൂപ റെയ്ഡ്ക്കോയ്ക്ക് അധികം നൽകിയിട്ടുണ്ട്.

2) പദ്ധതിയിൽ 10% ഗുണഭോക്തൃ വിഹിതം ആയിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു, തുക ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കിയിട്ടുണ്ടെങ്കിലും ഈ പദ്ധതിയിൽ ഗുണഭോക്തൃ വിഹിതം ചെലവഴിച്ചിട്ടില്ല.

3) ടെണ്ടർ നടപടികളിലെ അപാകതകൾ

16.3.23 ന് നടന്ന ടെൻഡറിൽ സോഷ്യൽ ഇക്കണോമിക് യൂണിറ്റ് ഫോറം (2600) എന്ന സ്ഥാപനവും റെയിഡ്ക്കോ (2620) എന്ന സ്ഥാപനവും ആണ് പങ്കെടുത്തത്. കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തിട്ടുള്ളത് സോഷ്യൽ യൂണിറ്റ് ഫോറം ആണെങ്കിലും സ്റ്റിയറിങ്ങ് കമ്മറ്റി അംഗങ്ങൾ വി.ഇ.ഒ ടെക്നിക്കൽ കമ്മറ്റി, എക്സ്പെർട്ട് അംഗങ്ങൾ, എൻ.ആർ.ഇ.ജി.എസ് എ. ഇ എന്നിവർ സാമ്പിളുകൾ പരിശോധിച്ച് ഗുണ നിലവാരമുള്ളത് റെയ്ഡ്യ്ക്കോയുടെതാണ് എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സോഷ്യോ ഇക്കണോമിക്ക് യൂണിറ്റ് ഫോറം എന്ന സ്ഥാപനത്തെ ഒഴിവാക്കി റെയ്ഡ്കോയുമായി നെഗോഷ്യേറ്റ് ചെയ്ത് ഒന്നിന് 2590 രൂപ നിരക്കിൽ പദ്ധതി നടപ്പിലാക്കി. ഇത് അംഗീകരിക്കുന്നതിന് വി.ഇ.ഒ ടെക്നിക്കൽ കമ്മറ്റി അംഗങ്ങൾ, എക്സ്പെർട്ട് അംഗങ്ങൾ, എൻ.ആർ.ഇ.ജി.എസ് എ.ഇ എന്നിവർ സാമ്പിളുകൾ പരിശോധിച്ചതിന്റെ റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4) പദ്ധതി പ്രകാരം വാങ്ങിയ 319 റിങ്ങ് കംപോസ്റ്റ് യൂണിറ്റുകൾ വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതും അധികം നൽകിയ 23790 രൂപ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-25 അങ്കണവാടി അനുപൂരക പോഷകാഹാരം - Food Products ന് തുക നൽകിയപ്പോൾ സ്രോതസ്സിൽ നിന്നും ടി.ഡി.എസ് കുറവ് ചെയ്തില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിലെ 33 അംഗൻവാടികളിലെ പ്രീ - സ്കൂൾ കുട്ടികൾക്കും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും 3 വയസ്സു വരെയുള്ള കുട്ടികൾക്കും കൗമാര പ്രായക്കാരായ കുട്ടികൾക്കും പോഷകാഹാര വിതരണവും 6 മാസം മുതൽ 3 വയസ്സു വരെയുള്ള കുട്ടികൾക്ക് അമൃതം പൊടിയും ക്രാഡിൽ പദ്ധതിയുടെ ഭാഗമായുള്ള പുതിയ മെനു പ്രകാരം പ്രാതൽ ഭക്ഷണം, ട്രാൻസ്പോർട്ടേഷൻ ചാർജ്ജ്, ഗ്യാസ് റീഫില്ലിംഗ് ചാർജ്ജ് എന്നിവ നൽകുന്നതിനാണ് പ്രോജക്ട്.

അങ്കണവാടികളിൽ വരുന്ന കുട്ടികൾക്കുള്ള പോഷകാഹാര വിതരണത്തിനായി SYNERGIA, PUDUPPADI എന്ന സ്ഥാപനത്തിൽ നിന്നാണ് അമൃതം ന്യൂട്രിമിക്സ് വാങ്ങിയത്.

2017 ലെ CGST Act സെക്ഷൻ 51 പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2.5 ലക്ഷം രൂപയിൽ അധികരിക്കുന്ന സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റേയുമോ കരാറുകളിലെ കരാറുകാരുടെ ബില്ലുകളിൽ നിന്നും സ്രോതസ്സിൽ നിന്നും ഒരു ശതമാനം കുറവു ചെയ്യേണ്ടതാണ്. 2017 ലെ SGST Act സെക്ഷൻ 5(1) ലും ഇതിനു സമാനമായ വ്യവസ്ഥയുണ്ട്. ആയതിനാൽ CGST, SGST ഇനത്തിൽ ഒരു ശതമാനം വീതം (ആകെ 2 ശതമാനം വീതം ) ഇപ്രകാരം ഈടാക്കാൻ വ്യവസ്ഥയുണ്ട്.

എന്നാൽ അംഗൻവാടി അനുപൂരക പോഷകാഹാര വിതരണത്തിനായി SYNERGIA, PUDUPPADI എന്ന സ്ഥാപനത്തിന് തുക നൽകിയപ്പോൾ സ്രോതസ്സിൽ നിന്നും മേൽപ്രകാരം ടി.ഡി.എസ് കുറവ് ചെയ്തിട്ടില്ല.

പ്രോജക്ട് പ്രകാരമുള്ള പോഷകാഹാര വിതരണത്തിൽ ഉൾപ്പെട്ട ന്യൂട്രിമിക്സിന്റെ ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

1) പ്രോജക്ട് നമ്പർ - 41/23

പ്രോജക്ട് - അങ്കണവാടി അനുപൂരക പോഷകാഹാര പരിപാടി

വകയിരുത്തിയത് - 46,00,000

ചെലവ് - 45,00,000

| Bill No., Date, തുക | ന്യൂട്രിമിക്സ് സപ്ലൈ ചെയ്ത സ്ഥാപനം | Invoice No. & Date | സപ്ലൈ ചെയ്ത ന്യൂട്രിമിക്സിന്റെ Taxable Value | ന്യൂട്രിമിക്സിന് അനുവദിച്ച തുക ( 5 % ജി.എസ്.ടി ഉൾപ്പടെ ) | ഈടാക്കേണ്ടിയിരുന്ന ജി.എസ്.ടി. ടി.ഡി.എസ് @ 2% |
|---|---|---|---|---|---|
| 452/31.5.22 – 2,21,399 | SYNERGIA, PUDUPPADI | 18, 6.5.22 | 1,91,450 | 2,01,022 | 3,829 |

| | | | | | |
|---|---|---|---|---|---|
| 437/27.8.22 - 1,82,280 | SYNERGIA, PUDUPPADI | 23, 26.7.22 | 1,73,600 | 1,82,280 | 3,472 |
| 449/27.8.22 - 1,37,077 | SYNERGIA, PUDUPPADI | 28, 23.8.22 | 1,30,550 | 1,37,077 | 2,611 |
| 213/31.1.23 - 1,55,452 | SYNERGIA, PUDUPPADI | 43, 28.12.22 | 1,48,050 | 1,55,452 | 2,961 |
| 285/24.2.23 – 6,08,067 | SYNERGIA, PUDUPPADI | 49, 9.2.23 | 1,49,030 | 1,56,481 | 2,981 |
| 432/25.3.23 – 4,26,826 | SYNERGIA, PUDUPPADI | 59, 22.3.23 | 1,39,440 | 1,46,412 | 2,789 |
| 432/25.3.23 – 4,26,826 | SYNERGIA, PUDUPPADI | 58, 21.3.23 | 1,19,700 | 1,25,685 | 2,394 |
| | ആകെ | | | | 21,037 |

2) പ്രോജക്ട് നമ്പർ - 218/23

പ്രോജക്ട് - അങ്കണവാടി പോഷകാഹാര പരിപാടി

വകയിരുത്തിയത് - 2,50,000

ചെലവ് - 2,50,000

Bill No., Date, തുക

| | ന്യൂട്രിമിക്സ് സപ്ലൈ ചെയ്ത സ്ഥാപനം | Invoice No. & Date | സപ്ലൈ ചെയ്ത ന്യൂട്രിമിക്സിന്റെ Taxable Value | ന്യൂട്രിമിക്സിന് അനുവദിച്ച തുക ( 5 % ജി.എസ്.ടി ഉൾപ്പടെ ) | ഈടാക്കേണ്ടിയിരുന്ന ജി.എസ്.ടി. ടി.ഡി.എസ് @ 2% |
|---|---|---|---|---|---|
| 424/20.10.22 – 1,35,166 | SYNERGIA, PUDUPPADI | 33, 26.9.22 | 1,28,730 | 1,35,166 | 2,575 |
| 833/9.12.22 – 88,567 | SYNERGIA, PUDUPPADI | 37, 3.11.22 | 84,350 | 88,567 | 1,687 |
| | ആകെ | | | | 25299 |

പോഷകാഹാര വിതരണത്തിനായി SYNERGIA, PUDUPPADI എന്ന സ്ഥാപനത്തിന് മേൽപ്രകാരം തുക നൽകിയപ്പോൾ സ്രോതസ്സിൽ നിന്നും ജി.എസ്.ടി. ടി.ഡി.എസ് കുറവ് ചെയ്യാതിരുന്നതിന് (ആകെ 25,299(21037+4262) രൂപ) വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 4/2022-23 തീയതി 29.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. കേന്ദ്ര/സംസ്ഥാന സർക്കാരുകൾക്കുണ്ടായ നഷ്ടം ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-26 ലൈഫ് ഭവന പദ്ധതി വായ്പ അധിക തുക തിരികെ ഈടാക്കി

ഗ്രാമ പഞ്ചായത്തിൽ ലൈഫ് മിഷൻ വായ്പാ തിരിച്ചടവായി 6 പദ്ധതികളിൽ ആയി 16,02,518/- രൂപ വികസനഫണ്ടിൽ നിന്ന് ചലവായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | ചെലവ് തുക |
|---|---|
| 339/23 ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് (ജനറൽ) | 405648 |
| 352/23 ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് (ജനറൽ) | 405648 |
| 341/23 ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് (ടിഎസ് പി) | 118931 |
| 354/23 ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് (ടിഎസ് പി) | 118931 |
| 340/23 ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് (എസ് സി പി) | 276680 |
| 353/23 ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് (എസ് സി പി) | 276680 |
| ആകെ | 1602518 |

ഗ്രാമ പഞ്ചായത്തിലെ വായ്പാ റജിസ്റ്റർ പരിശോധിച്ചതിൽ 624663 രൂപ മാത്രമാണ് തിരിച്ചടയ്ക്കാനുള്ള വായ്പാ തുക. സോഴ്സിൽ നിന്ന് വായ്പാ തിരിച്ചടവായി 9,77,855/- (1602518-624663) അധികം ഈടാക്കിയിട്ടുണ്ട്. എന്നാൽ വായ്പാ രജിസ്റ്ററിൽ 6,24,663/- രൂപ തിരിച്ചടച്ചതായി ആണ് കാണിച്ചിട്ടുള്ളത്. അധികമായി ഈടാക്കിയ തുക തിരികെ ഈടാക്കുന്നതിന് ഗ്രാമ പഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. തുക തിരികെ ലഭ്യമാക്കി രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്.

### 1-27a വാർഷികകണക്കിൽ ചെലവ് രേഖപെടുത്തുന്നതിലെ അപാകതകൾ

റസീറ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-35 അദർ ലയബിലിറ്റി എന്ന ഹെഡിലാണ് ഭൂരിഭാഗം ചെലവുകളും ഉൾപ്പെടുത്തിയിട്ടുള്ളത്. 35010999 എന്ന ഹെഡിൽ 34456716 എന്ന വലിയ തുക ലയബിലിറ്റി ഹെഡിൽ ഉൾപ്പെടുത്തേണ്ടാത്തവ വരെ ഉള്ള വിവിധ ഹെഡുകളിലേക്ക് പോകേണ്ട ചെലവുകൾ ഒരു ഹെഡിൽ മാത്രമായി ചെലവ് രേഖപ്പെടുത്തി.എല്ലാ റവന്യൂ ചെലവുകളും അക്രൂ ചെയ്ത് ലയബിലിറ്റിയാക്കി മാറ്റി ഈ ലയബിലിറ്റിയെ Pay ചെയ്യുന്ന രീതിയാണ് ILGMS ൽ ഉള്ളത് .ഇത് 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൌണ്ടിങ്ങ് ചട്ടങ്ങളിലെ ചട്ടം27ലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും IKM ഉമായി ബന്ധപ്പെട്ട് ILGMS സോഫ്റ്റ്

വെയറിലെ അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

**1-27b പദ്ധതി ചെലവുകൾ സമയ ബന്ധിതമായി രേഖപ്പെടുത്തുന്നില്ല**

ILGMS ൽ പദ്ധതി ചെലവുകൾ സമയ ബന്ധിതമായി ചെലവഴിക്കാനുള്ള ഓപ്ഷൻ ലഭ്യമാകുന്നില്ല. 2022-23 വർഷത്തെ പദ്ധതി ചെലവുകൾ സാമ്പത്തിക വർഷം കഴിഞ്ഞ് മാസങ്ങൾക്ക് ശേഷമാണ് ജേണൽ എൻട്രി വഴി ഉൾപ്പെടുത്തുന്നതിനുള്ള പ്രിവിലേജ് ഐ.കെ.എം. ലഭ്യമാക്കിയിട്ടുള്ളത്.നിലവിൽ പദ്ധതി ചെലവുകൾ വെബ് സാംഖ്യയിൽ ബിൽ എടുത്ത് ട്രഷറിയിൽ സമർപ്പിച്ച് തുക ചെലവഴിക്കുമെങ്കിലും പദ്ധതി ചെലവുകൾ പഞ്ചായത്ത് കണക്കിൽ (ILGMS) വരണമെങ്കിൽ IKM വൌച്ചർ ജനറേറ്റ് ചെയ്ത് തരണം നിലവിൽ ഇതിന് കാലതാമസം വരുന്നുണ്ട്. ചെലവുകൾ സമയ ബന്ധിതമായി സോഫ്റ്റ് വെയറിൽ വരാത്തത് IKM മായി ബന്ധപ്പെട്ട് പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

**1-28 പദ്ധതികൾ സമഗ്രമായി തയ്യാറാക്കുന്നില്ല - പഞ്ചായത്ത് ഫണ്ടിന് അധിക ചെലവ്**

ഓഡിറ്റ് വർഷം അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികൾ പരിശോധിച്ചതിൽ ഒരേ സ്ഥാപനത്തിന്റെ/കെട്ടിടത്തിലെ പ്രവൃത്തികൾക്കായി ഒന്നിലധികം പദ്ധതികൾ രൂപീകരിക്കുന്നതായും, ഇത്തരത്തിൽ സമഗ്രമായി പദ്ധതികൾ രൂപീകരിക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന് അധികചെലവുണ്ടാകുന്നതും ശ്രദ്ധയിൽപ്പെട്ടു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

പഞ്ചായത്ത് പരിധിയിലുള്ള മൈക്കാവ് വെറ്ററിനറി ആശുപത്രിയുടെ നവീകരണ പ്രവൃത്തികൾക്കായി മൂന്ന് പദ്ധതികളാണ് ഓഡിറ്റ് വർഷം നടപ്പാക്കിയിരിക്കുന്നത്. ഇതിൽ രണ്ടെണ്ണം സ്പിൽഓവർ പദ്ധതികളും, ഒരെണ്ണം പുതിയ പദ്ധതിയുമാണ്.

| പ്രോജക്ട് പേര്/നമ്പർ | അടങ്കൽ/ഫണ്ടിനം | ചെലവ് | നടത്തിയ പ്രവൃത്തികൾ |
|---|---|---|---|
| മൈക്കാവ് വെറ്ററിനറി ഹോസ്പിറ്റൽ മെയിന്റനൻസ്, 63/23 | 274102/-സംരക്ഷണഗ്രാന്റ് റോഡിതരം | 274102/- | ആശുപത്രിയിലെ ഒരു റൂമിലെ ടൈൽ പൊളിച്ചുമാറ്റി പുതിയത് സ്ഥാപിക്കൽ, പുറകു വശത്ത് ഷീറ്റിടൽ, കെട്ടിടത്തിനു മുകളിലേയ്ക്ക് കോണി നിർമ്മാണം, മുറ്റം ഇന്റർലോക്ക് ചെയ്യൽ |
| മൈക്കാവ് വെറ്ററിനറി ഡിസ്പെൻസറി മെയിന്റനൻസ് രണ്ടാം ഘട്ടം, 88/23 | 3,60,000/- സംരക്ഷണഗ്രാന്റ് റോഡിതരം | 3,52,452/- | ആശുപത്രി കെട്ടിടത്തിനു മുകളിൽ ഷീറ്റിടൽ |
| മൈക്കാവ് വെറ്ററിനറി ഹോസ്പിറ്റൽ മെയിന്റനൻസ്, 244/23 | 5,17,010/- സംരക്ഷണഗ്രാന്റ് റോഡിതരം | 483012/- | കെട്ടിടത്തിനു മുകളിൽ ഷീറ്റിട്ട ഭാഗത്ത് അരമതിൽ കെട്ടി പ്ലാസ്റ്ററിംഗ് നടത്തി ഗ്രില്ലിടൽ, കെട്ടിട ചുമരിന്റേയും, ആദ്യ പദ്ധതിയിൽ സ്ഥാപിച്ച സ്റ്റെയറിന്റേയും പെയിന്റിംഗ്, റോഡിൽ നിന്നും ആശുപത്രിയിലേയ്ക്ക് കയറുന്ന ഭാഗം കോൺക്രീറ്റിംഗ്, ഇന്റർലോക്ക് പാകൽ |

മുകളിൽ വിവരിച്ച പദ്ധതികൾ പരിശോധിച്ചാൽ പ്രവൃത്തികളെല്ലാം പരസ്പരം ബന്ധപ്പെട്ടവായണെന്നു കാണാം. ഒരു സ്ഥാപനത്തിൽ ആവശ്യമായ പ്രവൃത്തികൾ/സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് മനസ്സിലാക്കി സമഗ്രമായി പദ്ധതി തയ്യാറാക്കാൻ പഞ്ചായത്തിൽ ശ്രമമുണ്ടായിട്ടില്ല. നിലവിലും കെട്ടിടത്തിനു മുകളിൽ നിർമ്മിച്ച ഭാഗം ഉപയോഗപ്രദമാക്കിയിട്ടില്ല. ആദ്യ പദ്ധതിയിൽ ഇന്റർലോക്ക് ചെയ്ത (92.93m$^2$) മുറ്റത്തിന്റെ 38.5m$^2$ വരുന്ന ഭാഗം മൂന്നാമത്തെ പദ്ധതിയിൽ

പൊളിച്ച് മാറ്റിയിട്ടുണ്ട്. പൊളിച്ച് മാറ്റിയതിൽ 4.725m$^2$ അളവ് മാത്രമാണ് പുനരുപയോഗിക്കാൻ സാധിച്ചത്. കൂടാതെ ഈ പദ്ധതിയിൽ വീണ്ടും 25.845m$^2$ അളവിൽ ഇന്റർലോക്ക് പ്രവൃത്തി നടത്തുകയും ചെയ്തു.

മേൽ പ്രവൃത്തികളെല്ലാം ഒരേ കരാറുകാരൻ, എസ്റ്റിമേറ്റ് നിരക്കിൽ/എസ്റ്റിമേറ്റ് അധികം നിരക്കിലാണ് ഏറ്റെടുത്ത് നടത്തിയിരിക്കുന്നത്. പദ്ധതികൾ ചെറിയ അടങ്കലിൽ അപൂർണ്ണമായി തയ്യാറാക്കുന്നത് പ്രവൃത്തികളുടെ ടെണ്ടറിലെ മത്സര ക്ഷമത ഉറപ്പാക്കുന്നതിലും പരിമിതിയുണ്ടാക്കുന്നു. സമഗ്രമായി പദ്ധതി തയ്യാറാക്കി ഇ-ടെണ്ടർ നടത്തിയിരുന്നെങ്കിൽ കൂടുതൽ കരാറുകാരുടെ സാന്നിദ്ധ്യം ഉറപ്പാക്കുന്നതിനും, മത്സരത്തിലൂടെ ടെണ്ടർ കുറവ് ലഭിക്കുന്നതിനും സാധ്യതയുണ്ടാക്കുമായിരുന്നു. പദ്ധതികൾ സമഗ്രമായി തയ്യാറാക്കാതെ ഇത്തരത്തിൽ നിർവ്വഹണം നടത്തുന്ന സാഹചര്യം വിശദീകരിക്കേണ്ടതാണ്. യഥാർത്ഥ ആവശ്യങ്ങൾ മനസ്സിലാക്കി, സമഗ്രമായി പദ്ധതികൾ വിഭാവനം ചെയ്യേണ്ടതും, ചെറിയ തോതിലുള്ള ഫണ്ടുകളുടെ വിന്യാസം ഒഴിവാക്കി പഞ്ചായത്തിന്റെ സാമ്പത്തിക താല്പര്യം ഉറപ്പും വരുത്തും വിധമുള്ള ഇടപെടലുകൾ ഭരണസമിതിയുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതുമാണ്.

**1-29 എസ്റ്റിമേറ്റുകൾ വ്യാപകമായി പുതുക്കുന്നു - എസ്റ്റിമേറ്റ് തയ്യാറാക്കൽ പ്രഹസനമാകുന്നു**

ഓഡിറ്റ് കാലയളവിൽ അസി.എഞ്ചിനീയർ നടപ്പാക്കിയ വിവിധ നിർമ്മാണപ്രവൃത്തികൾ (റോഡ് നിർമ്മാണമൊഴികെ) പരിശോധിച്ചതിൽ ഭൂരിഭാഗം പ്രവൃത്തികളുടേയും എസ്റ്റിമേറ്റുകൾ പുതുക്കിയാണ് നിർമ്മാണം പൂർത്തീകരിക്കുന്നതെന്ന് മനസ്സിലാകുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

1. പ്രവൃത്തി ആരംഭത്തിനു മുമ്പേ എസ്റ്റിമേറ്റ് പുതുക്കുന്നു

പല പ്രവൃത്തികളും ടെണ്ടർ നടത്തിയ ശേഷം കരാർ വയ്ക്കുന്നതിനു മുമ്പേ എസ്റ്റിമേറ്റിൽ കാതലായ മാറ്റങ്ങളോടെ പുതുക്കുന്നതിന് തീരുമാനമെടുക്കുകയും, ആയതിനനുസരിച്ച് നിർമ്മാണം നടത്തുകയും ചെയ്യുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | കരാർ തിയ്യതി | എഗ്രിമെന്റ് പുതുക്കാൻ ഭരണസമിതി തീരുമാനം |
|---|---|---|
| ചെമ്പുകടവ് സ്കൂൾ മെയിന്റനൻസ്, പ്രോ. നം. 97/23 | 26.2.22 | 25.2.22 |
| ചെമ്പുകടവ് GUP സ്കൂൾ മെയിന്റനൻസ്, പ്രോ. നം. 108/23 | 26.2.22 | 25.2.22 |
| തെയ്യപ്പാറ സബ്സെന്റർ ഹെൽത്ത് വെൽനെസ് സെന്റർ ആയി ഉയർത്തൽ, 82/23 | 26.2.22 | 25.2.22 |

2012 ലെ പുതുക്കിയ പി.ഡബ്ല്യൂ.ഡി. മാന്വൽ സെക്ഷൻ 1601.1.4 പ്രകാരം ഏതെങ്കിലും സാഹചര്യത്തിൽ തയ്യാറാക്കിയ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിച്ചതിനു ശേഷം, പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പായി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ഗണ്യമായ മാറ്റങ്ങൾ വേണ്ടി വന്നാൽ റീകാസ്റ്റ് എസ്റ്റിമേറ്റാണ് തയ്യാറാക്കേണ്ടത്. മേൽ പദ്ധതികളുടെ കാര്യത്തിൽ പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പേ മറ്റു പ്രവൃത്തികൾ ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടിട്ടുണ്ട്. എന്നിട്ടും എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയാണ്. ഇത്തരത്തിൽ ചെയ്യാനുണ്ടായ സാഹചര്യം വ്യക്തമല്ല.

2. പ്രവൃത്തി പൂർത്തീകരണ ശേഷം എസ്റ്റിമേറ്റ് പുതുക്കുന്നു

പരിശോധിച്ച പല പ്രവൃത്തികളും എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് നിർമ്മാണം നടത്തുകയും, നിർമ്മാണം പൂർത്തീകരിച്ച ശേഷം എസ്റ്റിമേറ്റ് പുതുക്കുന്നതിന് തീരുമാനമെടുക്കുകയും ചെയ്തിരിക്കുന്നു. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രവൃത്തി | റിമാർക്സ് |
|---|---|

| | |
|---|---|
| കെ. കെ. റോഡ് കൾവെർട്ട് നിർമ്മാണം, പ്രോ. നം. 77/23 | ആദ്യ എസ്റ്റിമേറ്റിലില്ലാത്ത മൂന്ന് പ്രവൃത്തികൾ നടത്തി. E1, E3 എന്നിവ 30.3.22 നും, E2 29.6.22 നും നിർമ്മാണം നടത്തി. എസ്റ്റിമേറ്റ് പുതുക്കുന്നതിനുള്ള തീരുമാനം 23.8.22 നാണ്. |
| ചെമ്പിലി പൊതുശ്മശാനം അടിസ്ഥാന സൗകര്യം വികസിപ്പിക്കൽ, 45/23 | എസ്റ്റിമേറ്റിലെ ചില ഇനങ്ങൾ ചെയ്യാതിരിക്കുകയും, മറ്റിനങ്ങൾ അളവിൽ വൻ അന്തരത്തിൽ നടപ്പാക്കുകയും ചെയ്തു. എസ്റ്റിമേറ്റിലുള്ളതിനേക്കാൾ 45% മുതൽ 100% വരെ കൂടുതൽ അളവിൽ പ്ലാസ്റ്ററിംഗ്, സിമന്റ് പ്രൈമർ എന്നീ പ്രവൃത്തികൾ 2022 മെയ് മാസത്തിൽ ചെയ്തു. എന്നാൽ എസ്റ്റിമേറ്റ് പുതുക്കുന്നതിന് തീരുമാനമെടുക്കുന്നത് 22.9.22 നാണ്. |

മേൽ വിവരിച്ച വിധം പ്രവൃത്തി പൂർത്തീകരിച്ച ശേഷം എസ്റ്റിമേറ്റ് പുതുക്കുന്നതിന് തീരുമാനമെടുക്കുന്നതിന്റെ ഔചിത്യം വ്യക്തമല്ല.

2012 ലെ പുതുക്കിയ പി.ഡബ്ല്യൂ.ഡി. മാന്വൽ സെക്ഷൻ 1601.1.2 പ്രകാരം ഒരു പ്രവൃത്തിയ്ക്കായി ഡിറ്റേയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന സ്ഥലം വിശദമായി പരിശോധിച്ച് വേണം എസ്റ്റിമേറ്റ് തയ്യാറാക്കാൻ. അതുപോലെ മാന്വലിലെ സെക്ഷൻ 2008 പ്രകാരം ടെണ്ടർ സമർപ്പിക്കുന്നതിനു മുമ്പേ കരാറുകാരൻ പ്രവൃത്തി സ്ഥലം പരിശോധിച്ച് സാധനങ്ങളുടെ ലഭ്യതയും, മറ്റു ബുദ്ധിമുട്ടുകളൊന്നും ഇല്ലെന്ന് ഉറപ്പു വരുത്തിയാണ് പ്രവൃത്തിയ്ക്കുള്ള ടെണ്ടർ സമർപ്പിക്കേണ്ടത്. അതു കൊണ്ടുതന്നെ സൈറ്റുകൾ പരിശോധിക്കാതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനെ സംബന്ധിച്ചും, വ്യാപകമായി പുതുക്കുന്നതു സംബന്ധിച്ചും 26.3.2021 ലെ തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ DB1/10690/2020/CE/LID&EW നമ്പർ സർക്കുലറിൽ കൃത്യമായ/കർശനമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഈ നിർദ്ദേശങ്ങളെ തീർത്തും അവഗണിച്ചാണ് പഞ്ചായത്തിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതെന്ന് പ്രവൃത്തി ഫയലുകളിൽ നിന്നും വ്യക്തമാകുന്നു. മുകളിൽ വിവരിച്ച രീതിയിൽ എസ്റ്റിമേറ്റുകൾ പുതുക്കുന്നതിന്റെ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും ചീഫ് എഞ്ചിനീയറുടെ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിച്ച് മാത്രം പദ്ധതി നിർവ്വഹണം നടത്തേണ്ടതുമാണ്.

## 1-30 അതി ദരിദ്രർക്കും അഗതികൾക്കുമായി പദ്ധതികൾ നടപ്പിലാക്കുന്നതിൽ വീഴ്ച

ഗ്രാമ പഞ്ചായത്ത് അംഗീകരിച്ച അതി ദരിദ്രരുടെ ലിസ്റ്റ് പ്രകാരം 77 ഗുണഭോക്താക്കളെ അതിദരിദ്രരായി തെരഞ്ഞെടുത്തിട്ടുണ്ട്. ഇവരെ ദാരിദ്ര്യത്തിൽ നിന്നു കരകയറ്റുന്നതിന് വേണ്ടി പദ്ധതികൾ നടപ്പിലാക്കുന്നതിന് ഗ്രാമ പഞ്ചായത്ത് മൈക്രോ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടെങ്കിലും നടപ്പിലാക്കുന്നത് മന്ദഗതിയിലാണ്. ഭവനം ആവശ്യമുള്ള 20 ഗുണഭോക്താക്കൾ ഉണ്ടെങ്കിലും 9 ഗുണഭോക്താക്കൾക്ക് മാത്രമാണ് ഭവന നിർമ്മണം ആരംഭിച്ചിട്ടുള്ളത്. ബാക്കി ഗുണഭോക്താക്കൾക്ക് പദ്ധതി നടപ്പിലാക്കുന്നുണ്ട്. 23 പേർക്ക് വീട് റിപ്പയർ ആവശ്യ മുണ്ടെങ്കിലും 6 പേർക്ക് മാത്രമാണ് പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്. മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി അതിദരിദ്രർക്കുള്ള മൈക്രോ പ്ലാൻ മരുന്ന് വിതരണം എന്നപദ്ധതിയിൽ (305/23) 50000 രൂപ വകയിരുത്തി പദ്ധതി രൂപീകരിച്ചിട്ടുണ്ടെങ്കിലും നടപ്പലാക്കിയിട്ടില്ല. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി അതിദരിദ്രർക്കുള്ള മൈക്രോ പ്ലാൻ എന്നപദ്ധതിയിൽ (291/23) 100000 രൂപ വകയിരുത്തി പദ്ധതി രൂപീകരിച്ചിട്ടുണ്ടെങ്കിലും നടപ്പലാക്കിയിട്ടില്ല. അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി അതിദരിദ്രർക്കുള്ള മൈക്രോ പ്ലാൻ ഭക്ഷ്യകിറ്റ് വിതരണം എന്നപദ്ധതിയിൽ (324/23) 50000 രൂപ വകയിരുത്തി പദ്ധതി രൂപീകരിച്ചിട്ടുണ്ടെങ്കിലും നടപ്പലാക്കിയിട്ടില്ല 26.10.2022 ന് അതിദാരിദ്ര്യ നിർമ്മാണ പദ്ധതിയുടെ പൂർത്തീകരണം ആരംഭിച്ചതായി സെക്രട്ടറി സാക്ഷ്യപത്രം നൽകിയിട്ടുണ്ടെങ്കിലും ഇതിനായുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിൽ ഗ്രാമ പഞ്ചായത്ത് വീഴ്ച

വരുത്തിയിട്ടുണ്ട്.

2020 ൽ നിലവിൽ വന്ന അഗതി രഹിത കേരളം പദ്ധതിയിൽ ഗ്രാമ പഞ്ചായത്തിൽ നിലവിൽ 123 ഗുണഭോക്താക്കൾ ഉണ്ട്. ഇതിൽ പദ്ധതി പ്രകാരം ഭക്ഷണം ആവശ്യമുള്ള 123 പേർക്ക് ഫണ്ട് ലഭ്യമല്ല എന്ന കാരണത്താൽ 2022 ജൂൺ മാസം മുതൽ ഭക്ഷണം വിതരണം ചെയ്യുന്നത് നിർത്തിവച്ചിരിക്കുകയാണ്. ആശ്രയ പദ്ധതിയ്ക്കായുള്ള സൌത്ത് ഇന്ത്യൻ ബാങ്കിലെ അക്കൌണ്ടിൽ 1.10.23 ന് 10,76,456 രൂപ നീക്കിയിരിപ്പുണ്ട്. ഇത് ഗ്രാമ പഞ്ചായത്ത് മുൻ വർഷങ്ങളിൽ വിവിധ പദ്ധതികൾക്കായി ഈ അക്കൌണ്ടിൽ നിക്ഷേപിച്ചിരുന്ന തുകകൾക്ക് ബാങ്ക് പലിശയിനത്തിൽ ലഭ്യമാക്കിയ തുകയാണ്. ഈ തുക ഉണ്ടായിട്ടും ആശ്രയ ഗുണഭോക്താക്കൾക്ക് ഭക്ഷണം നൽകാതിരിക്കുന്നത് വീഴ്ചയാണ്. വീട് റിപ്പയിങ്ങ് ആവശ്യമുള്ള 47 ഗുണഭോക്താക്കളിൽ 17 പേർക്ക് മാത്രമാണ് ആനുകൂല്യം ലഭ്യമാക്കിയിട്ടുള്ളത്. വീട് ആവശ്യമുള്ള 42 ഗുണഭോക്താക്കളിൽ എത്ര പേർക്കാണ് വീട് ലഭ്യമാക്കിയിട്ടുള്ളത് എന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കിയിട്ടില്ല.

അതീവ പ്രാധാന്യത്തോടെ നടപ്പിലാക്കേണ്ട മേൽ പദ്ധതികളിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് വേണ്ടി പദ്ധതി നടപ്പിലാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-31 അഡ്വാൻസ് നൽകിയ തുകകൾ തിരികെ ലഭ്യമാക്കുന്നതിൽ വീഴ്ച

ഗ്രാമ പഞ്ചായത്തിലെ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്ത് വിവിധ ആവശ്യങ്ങൾക്കായി നൽകിയ അഡ്വാൻസ് തുകകൾ ക്രമീകരിച്ചിട്ടില്ല. ആയതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| അഡ്വാൻസ് ഇനം | ഗുണഭോക്താവ് | വർഷം | തുക |
|---|---|---|---|
| ഓണറേറിയം | സാക്ഷരതാ പ്രേരക് | 2021-22 | 65160 |
| തൊഴിലുറപ്പ് പദ്ധതി | തൊഴിലുറപ്പ് പദ്ധതി അക്കൌണ്ട് | 22-23 | 1774880 |

അഡ്വാൻസുകൾ ക്രമീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-32 ABC പദ്ധതി നടത്തിപ്പിലെ അപാകതകൾ

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ABC പദ്ധതി നടത്തിപ്പിനായി (262/23) 100000 രൂപ ജില്ലാ പഞ്ചായത്തിന് അനുവദിച്ചിട്ടുണ്ട്.ബിൽ നമ്പർ 547/31.3.23. തുക ജില്ലാ പഞ്ചായത്തിന് ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. തുക വിനിയോഗിച്ച് പദ്ധതി നടപ്പിലാക്കിയതിന്റെ വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കിയിട്ടില്ല.

വിനിയോഗ വിവരം ഹാജരാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വിനിയോഗ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നത് വരെ ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 1-33 ഗുണഭോക്താക്കൾ ഓൺലൈനായി അടവാക്കുന്ന തുകകൾ സമയബന്ധിതമായി അക്കൌണ്ടിൽ ക്രെഡിറ്റാകുന്നില്ല.

E-payment 31.3.2023 ലെ റീക്കൺസീലേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Cheque Deposited But Not Cleared ആയി 53923/- രൂപയും Directly Debited By Bankആയി 3857 രൂപയും ചേർത്തിട്ടുണ്ട്. ഗുണഭോക്താക്കൾ ഗ്രാമ പഞ്ചായത്തിൽ ഓൺലൈൻ ആയി അടവാക്കുന്ന വിവിധ ഫീസുകളും നികുതികളും അത് അടവാക്കുന്ന സമയത്ത് തന്നെ ഐ.എൽ.ജി.എം.എസ് അക്കൌണ്ടിൽ ക്രെഡിറ്റ് ആകുന്നുണ്ടെങ്കിലും ഇതിനായുള്ള ബാങ്ക്

അക്കൌണ്ടിൽ തുക ക്രെഡിറ്റ് ആകുന്നില്ല. എല്ലാ മാസത്തെയും റിക്കൺസിലിയേഷനിൽ ഇത്തരത്തിൽ അപാകത കാണുന്നുണ്ട്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 സ്ഥിര നിക്ഷേപങ്ങൾക്ക് പലിശ ലഭ്യമായതിൽ കുറവ്

ഗ്രാമ പഞ്ചായത്തിലെ സ്ഥിര നിക്ഷേപങ്ങൾക്ക് ലഭിച്ച പലിശ വരവുകൾ പരിശോധിച്ചതിൽ ഫെഡറൽ ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള താഴെ കൊടുത്ത നിക്ഷേപത്തിന് പലിശ ലഭ്യമായതിൽ കുറവ് ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിക്ഷേപിച്ച തിയ്യതി | സർട്ടിഫിക്കറ്റ് നമ്പർ | നിക്ഷേപിച്ച തുക | പലിശ നിരക്ക് | കാലാവധി പൂർത്തിയായ തിയ്യതി | ലഭിച്ച പലിശ | ലഭിക്കേണ്ട പലിശ | കുറവ് |
|---|---|---|---|---|---|---|---|
| 10.11.2020 | 26570000009352 | 7000000 | 5.1% | 10.11.21 | 340625 | 357000 | 16375 |
| 10.11.2021 | 20570300009352 | 7340625 | 5.1% | 10.11.22 | 343016 | 374372 | 31356 |
| | | | | | | ആകെ | 47731 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും തുക ബാങ്കിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടച്ച് രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം - നിയമാനുസൃത പിഴ ഈടാക്കിയില്ല

1.2.2012 തിയ്യതിയിലെ ജി.ഒ(പി)13/2012/പി.ഡബ്ള്യു.ഡി കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്ത മാണ്. പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി കാലാവധി നീട്ടി അനുവദിക്കാവുന്നതാണ്. ഇതിനായി കരാറുകാരൻ എ. ഇ മുഖേന അപേക്ഷ നൽകേണ്ടതുണ്ട്. ആദ്യതവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യ തവണക്കു ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. PWD മാനുവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരാമവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനും പാടില്ല. ഇത്തരം പ്രവൃത്തികൾ ക്രമീകരിച്ച ശേഷമേ കരാറുകാരന് തുക നൽകാവൂ. താഴെ കൊടുത്ത പദ്ധതികളുടെ പ്രവൃത്തി കാലാവധി ഇതു പ്രകാരം നൽകാവുന്ന പരമാവധി കാലാവധിയ്ക്ക് ശേഷമാണ് പൂർത്തീകരിച്ചിട്ടുള്ളത്. ഒരു പ്രവൃത്തി ഈ കാലാവധിയും കഴിഞ്ഞാണ് ആരംഭിക്കുന്നത്. തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ്

സെക്രട്ടറിയുടെ 18.08.2018 ലെ എ.സി2/223/15. ത.സ്വ.ഭ.വ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്ത പക്ഷം ആദ്യത്തെ മൂന്ന് മാസത്തേക്ക് കരാർ തുകയുടെ 1% വും പിന്നീടുള്ള ഓരോ മൂന്ന് മാസത്തേക്കും കരാർ തുകയുടെ 2% നിരക്കിലും പിഴ ഈടാക്കേണ്ടതാണ്. പി.ഡബ്ള്യൂ. ഡി. മാന്വലിൽ നിർദ്ദേശിക്കും പ്രകാരമുള്ള കുറഞ്ഞ നിരക്ക് 3% ശതമാനം കണക്കാക്കിയാൽ പോലും കരാറുകാരിൽ നിന്നും 19303/- രൂപ പിഴയായി ഈടാക്കേണ്ടതായിരുന്നു.

മുൻവർഷങ്ങളിൽ രൂപീകരിച്ച് സ്പിൽഓവർ പദ്ധതികളായി ഉൾപ്പെട്ട താഴെ ചേർക്കുന്ന പ്രവൃത്തികൾ എഗ്രിമെന്റ് കാലാവധിയ്ക്കുള്ളിൽ പൂർത്തീകരിക്കാതിരുന്നിട്ടും നിയമാനുസൃത നിരക്കിൽ പിഴ ഈടാക്കിയിട്ടില്ല.

| പ്രോജക്ട് പേര്/നമ്പർ | അടങ്കൽ/ഫണ്ടിനം /എസ്റ്റി. PAC | ചെലവ് /ബിൽ നമ്പർ | കരാർ തിയ്യതി/കരാറുകാരൻ /സൈറ്റ് ഏറ്റെടുത്ത തിയ്യതി | പൂർത്തീകരിക്കേണ്ട തിയ്യതി/പൂർത്തീകരിച്ച തിയ്യതി/ഈടാക്കേണ്ട പിഴ |
|---|---|---|---|---|
| നിരന്നപാറ വാരിക്കോട്ടൂർ പൈപ്പ് ലൈൻ നീട്ടൽ, 61/23 | 357630/- ധനകാര്യകമ്മീഷൻ ഗ്രാന്റ് 356481/- | 357630/- 54/19.8.22 | 26.2.21 പി.സി.മൊയിതീൻ 26.2.21 | 25.6.21 12.1.22 3% - 10694 |
| നൂറാംതോട് സബ്സെന്റർ മെയിന്റനൻസ്, 103/23 | 383135/- സംരക്ഷണഗ്രാന്റ് റോഡിതരം 400984/- | 379714/- 79/14.9.22 | 15.10.20 ആരിഫ് മുഹമ്മദ് 15.10.20 | 14.4.21 24.2.22 3% - 12030/- ബില്ലിൽ 3421 രൂപ ഈടാക്കി. ബാക്കി -8609/- |

മുകളിൽ കൊടുത്തതിൽ രണ്ടാമത്തെ പ്രവൃത്തി ആരംഭിക്കുന്നത് കരാർ വച്ച് 11 മാസങ്ങൾക്ക് ശേഷം 15.9.21 നാണ്. പ്രവൃത്തി ആരംഭിക്കാനുണ്ടായ ഈ കാലതാമസത്തിന്റെ കാരണം വ്യക്തമല്ല. പ്രവൃത്തി ആരംഭിക്കാത്തതിന് കരാറുകാരനോട് വിശദീകരണം ആവശ്യപ്പെട്ടതായും കാണുന്നില്ല. പ്രവൃത്തി ആരംഭിക്കുന്നതിനുണ്ടായ കാലതാമസവും, മേൽ പ്രവൃത്തികളിൽ നിയമാനുസൃത നിരക്കിൽ പിഴ ഈടാക്കാതിരുന്നതിന്റെ കാരണവും വിശദീകരിക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. നിയമാനുസൃത പിഴ ഈടാക്കി അറിയിക്കേണ്ടതാണ്.

**3-2 കക്കൂസ് നിർമ്മാണം പദ്ധതിയിൽ ഒരു ഗുണഭോക്താവിന് അധികം തുക അനുവദിച്ചു**

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

പദ്ധതി - 15/23

ചെലവ് - 246400/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

കക്കൂസ് നിർമ്മാണത്തിനായി ഒരു ഗുണഭോക്താവിന് 15400 വീതം സബ്സിഡി അനുവദിച്ച് 16 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത്. 16 ഗുണഭോക്താക്കൾക്ക് 15,400 രൂപ വീതം 246400 രൂപ പിൻവലിച്ച് വിതരണം ചെയ്തിട്ടുണ്ട്. വിതരണ വിശദാംശങ്ങൾ പരിശോധിച്ചതിൽ ശ്രീമതി. ആശ ചുള്ളിയോട്, തെയ്യപ്പാറ എന്ന ഗുണഭോക്താവിന് 7700 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

| ബിൽ നമ്പർ | തുക |
|---|---|
| 277/24.2.23 | 15400 |
| 352/17.3.23 | 7700 |

ശ്രീമതി. ആശയ്ക്ക് 7700 രൂപ അധികമായി നൽകിയതിനാൽ ശ്രീ. ബേബി. പി. എം എന്ന ഗുണഭോക്താവിന് ആനുകൂല്യം നൽകാൻ കഴിയാതിരിക്കുകയും തുടർന്ന് ആനുകൂല്യം നൽകാനായി 23-24 വർഷത്തിൽ 7700 രൂപ വകയിരുത്തി പദ്ധതി തയ്യാറാക്കിയിട്ടുമുണ്ട്.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അധികം ചെലവഴിച്ച 7700 രൂപ ഈടാക്കി രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**3-3 ഡയാലിസിസ് രോഗികൾക്ക് മരുന്ന് വാങ്ങൽ പദ്ധതി - മരുന്നിനായി അധിക തുക ചെലവഴിച്ചു**

നിർവ്വഹണ ഉദ്യോഗസ്ഥൻ - പി.എച്ച്.സി. മെഡിക്കൽ ഓഫീസർ

പദ്ധതി - 18/23

ചെലവ് തുക - 399988

ബിൽ നമ്പർ - 221/4.2.23

ഗ്രാമ പഞ്ചായത്തിലെ ഡയാലിസിസ് രോഗികൾക്ക് 3 തരത്തിലുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിനാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് സമർപ്പിച്ചിട്ടുള്ള സപ്ലൈ ഓർഡറിന്റെ അടിസ്ഥാനത്തിൽ 30.12.22 ൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ സമർപ്പിച്ചിട്ടുള്ള PRF 3300 നമ്പർ പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ ആണ് മെഡിക്കൽ ഓഫീസർ 399988 രൂപ അനുവദിച്ചിട്ടുള്ളത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) മരുന്നിന് അധിക വില ഈടാക്കി.

ലഭ്യമാക്കിയ മരുന്നിന്റെ വിശദാംശങ്ങൾ പരിശോധിച്ചതിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ പ്രൊഫോർമ ഇൻവോയ്സിൽ ആവശ്യപ്പെട്ടതിലും കൂടുതൽ വില ഈടാക്കിയിട്ടുണ്ടെന്ന് കാണുന്നു.

| മരുന്ന്/ ഉപകരണം | ലഭ്യമായ എണ്ണം | പ്രോഫോർമ ഇൻവോയ്സ് പ്രകാരം | ഈടാക്കിയ തുക | അധികം അനുവദിച്ചത് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | അനിവദിക്കേണ്ട തുക | | |
| ബ്ലഡ് ട്യൂബിങ്ങ് സെറ്റ് | 400 | 57715.84 | 58967 | 1251 |
| ഡയലൈസർ | 407 | 267375.8 | 277909.78 | 10533.98 |
| | | | ആകെ | 11784.98 |

മരുന്നുകൾ സമയ ബന്ധിതമായി ലഭ്യമാക്കാതെ വളരെ വൈകിയാണ് ലഭ്യമാക്കിയിട്ടുള്ളത്. കൂടാതെ മരുന്നിന് കൂടുതൽ വില നൽകേണ്ടി വരികയും ആവശ്യമുള്ള 18 ഡയലൈസർ ലഭിക്കാതിരിക്കുകയും ചെയ്തു.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അധികം ചെലവഴിച്ച തുക ഉത്തരവാദിയായവരിൽ നിന്ന് തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-4 റിങ്ങ് കമ്പോസ്റ്റ് രണ്ടാം ഘട്ടം പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

പദ്ധതി -348/23

ചെലവ് - 850000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ബിൽ നമ്പർ തിയ്യതി - 510/28.3.23

മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട കുടുംബാംഗങ്ങൾക്ക് റിങ് കംപോസ്റ്റ് യൂണിറ്റുകൾ വിതരണം ചെയ്യുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) അധിക തുക ചെലവഴിച്ചു

പദ്ധതി പ്രകാരം റെയ്ഡ്കോ 319 റിങ് കമ്പോസ്റ്റ് യൂണിറ്റുകളാണ് പഞ്ചായത്തിൽ ഇറക്കിയിട്ടുള്ളത്. ഇതിനായി 850000 രൂപ ചെലവഴിച്ചിട്ടുണ്ട്. റെയ്ഡ്കോയുമായി ഉണ്ടാക്കിയിട്ടുള്ള കരാർ പ്രകാരം ഒരു യൂണിറ്റിന്റെ വില 2590 രൂപയാണ്. 319 യൂണിറ്റുകൾക്ക് വില 826210 രൂപയാണെന്നിരിക്കെ ( 319 X2590=826210) 850000 രൂപ അനുവദിക്കുക വഴി 23790 രൂപ റെയ്ഡ്ക്കോയ്ക്ക് അധികം നൽകിയിട്ടുണ്ട്.

2) പദ്ധതിയിൽ 10% ഗുണഭോക്തൃ വിഹിതം ആയിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ പദ്ധതിയിൽ ഗുണഭോക്തൃ വിഹിതം ചെലവഴിച്ചിട്ടില്ല.

3) ടെണ്ടർ നടപടികളിലെ അപാകതകൾ

16.3.23 ന് നടന്ന ടെൻഡറിൽ സോഷ്യൽ ഇക്കണോമിക് യൂണിറ്റ് ഫോറം (2600) എന്ന സ്ഥാപനവും റെയിഡ്ക്കോ (2620) എന്ന സ്ഥാപനവും ആണ് പങ്കെടുത്തത്. കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തിട്ടുള്ളത് സോഷ്യൽ യൂണിറ്റ് ഫോറം ആണെങ്കിലും സ്റ്റിയറിങ്ങ് കമ്മറ്റി അംഗങ്ങൾ വി.ഇ.ഒ ടെക്നിക്കൽ കമ്മറ്റി, എക്സ്പെർട്ട് അംഗങ്ങൾ, എൻ.ആർ.ഇ.ജി.എസ് എ. ഇ എന്നിവർ സാമ്പിളുകൾ പരിശോധിച്ച് ഗുണ നിലവാരമുള്ളത് റെയ്ഡ്യ്ക്കോയുടെതാണ് എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സോഷ്യോ ഇക്കണോമിക്ക് യൂണിറ്റ് ഫോറം എന്ന സ്ഥാപനത്തെ ഒഴിവാക്കി റെയ്ഡ്കോയുമായി നെഗോഷ്യേറ്റ് ചെയ്ത് ഒന്നിന് 2590 രൂപ നിരക്കിൽ പദ്ധതി നടപ്പിലാക്കി. ഇത് അംഗീകരിക്കുന്നതിന് വി.ഇ.ഒ ടെക്നിക്കൽ കമ്മറ്റി അംഗങ്ങൾ, എക്സ്പെർട്ട് അംഗങ്ങൾ, എൻ.ആർ.ഇ.ജി.എസ് എ.ഇ എന്നിവർ സാമ്പിളുകൾ പരിശോധിച്ചതിന്റെ റിപ്പോർട്ട് പരിശോധനയ്ക്ക്

ഹാജരാക്കേണ്ടതാണ്.

4) പദ്ധതി പ്രകാരം വാങ്ങിയ 319 റിങ്ങ് കംപോസ്റ്റ് യൂണിറ്റുകൾ വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അപാകതകൾ പരിഹരിക്കേണ്ടതും അധികം നൽകിയ 23790 രൂപ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 25-11-23 മുതൽ 02-12-23 വരെ | ഈ റിപ്പോർട്ടിന്റെ അനുബന്ധമായി പുറപ്പെടുവിച്ചു. |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 900162 | ലൈഫ് മിഷൻ എസ്. സി | 900162 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 2500000 | ക്ഷീരസംഘങ്ങളിലെ കർഷകർക്ക് പാലിന് സബ്സിഡി | 2500000 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 720000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 720000 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 75000 | നെൽകൃഷി വികസനം | 75000 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 472500 | കാർഷികവിള സംരക്ഷണത്തിന് സൗരോർജ്ജവേലി | 472500 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 99000 | ഫാം ടൂറിസം | 99000 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 2900000 | ക്ഷീരസംഘങ്ങളിലെ കർഷകർക്ക് പാലിന് സബ്സിഡി | 2900000 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 1100000 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ | 1100000 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 150000 | ലൈഫ് മിഷൻ എസ്. ടി | 150000 |
| ജില്ലാ | 2022-23 | 496384 | ലൈഫ് മിഷൻ എസ്. സി | 496384 |

| | | | | |
|---|---|---|---|---|
| പഞ്ചായത്ത് | | | | |
| ജില്ലാ പഞ്ചായത്ത് | 2022-23 | 240000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 240000 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 112500 | നെൽകൃഷി വികസനം | 112500 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 100000 | ഫാം ടൂറിസം | 100000 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം | തൻ വർഷത്തെ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | -- | 0 | 624663/- | 624663/- | 0 | 0 |

## 4-6 സ്ഥിര നിക്ഷേപം

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 8130877 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 392407 |
| ആകെ | 8523284 |
| തന്നാണ്ടിൽ പിൻവലിച്ച തുക | -- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 8523284 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു**

| ക്രമ | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് | തുക |
|---|---|---|

| നം. | ഓഫീസ്) | |
|---|---|---|
| 1 | കെ. ഡി. സി. ബാങ്ക് | 487935 |
| 2 | കെ. ഡി. സി. ബാങ്ക് | 351708 |
| 3 | ഫെഡറൽ ബാങ്ക് | 7683641 |
| ആകെ | 8523284 | |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 24 | 2003-04 | 11.13.5.4 (പൊതു പരാമർശം) | മൈത്രി ഭവനപദ്ധതി | തുടരുന്നു |
| 1997-98 | 45 | 2003-04 | 11.13.7.8 (പൊതു പരാമർശം) | നികുതി പിരിവിൽ അലംഭാവം | -ടി- |
| 1998-99 | 19 | 2003-04 | ടി | ടി | -ടി- |
| 2010-11 | 3-11 | 2011-12 | 3.3.6, 3.3.12 (അവലോകനം) | അങ്കണവാടികളുടെ ഭൗതിക സാഹചര്യം | -ടി- |

| | | | | | |
|---|---|---|---|---|---|
| 2011-12<br>2012-13 | 4.1.1. | 2013-14 | 6-4 (അവലോകനം) | തെരുവു വിളക്ക് സംരക്ഷണം | -ടി- |
| പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | | 2013-14 | 6.4.1 (അവലോകനം) | തെരുവു വിളക്ക് സ്ഥാപിച്ച തിന് രേഖകളില്ല | -ടി- |
| പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | | 2015-16 | 3.7.6 | കൃഷി, മൃഗസംര ക്ഷണം, പദ്ധതി നിർവ്വ ഹണം- ധനവിനി യോഗ കാര്യ ക്ഷമത | -ടി- |
| പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | | 2015-16 | 3.7.13 | പദ്ധതി മാർഗ്ഗരേഖ അവഗണിച്ചു | -ടി- |
| 2015-16 | 2-3 | 2016-17 | അനുബന്ധം -5 | തൊഴിൽ നികുതി അപാക തകൾ | -ടി- |
| 2019-20 | 1-32 | 2020-21 | അനുബന്ധം -2 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | -ടി- |

**4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം**

**(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

**(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 134582928 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 135492764 |
| വരവിനങ്ങളിലുള്ള നഷ്ടം | 47731 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 62578 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2242148 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 16375 | ------- | ശ്രീ. ഗിരീഷ് കുമാർ കെ, സെക്രട്ടറി |
| 2-1 | 31356 | -------- | ശ്രീ. വിനോദ് കുമാർ കെ. പി, സെക്രട്ടറി |
| 3-1 | ------- | 19303 | ശ്രീ. അരുൺ ചന്ദ് വി. സി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | ------- | 7700 | ശ്രീ. വിനോദ് വർഗ്ഗീസ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 3-3 | ------- | 11785 | ഡോ. അബ്ദുറഹിമാൻ, മെഡിക്കൽ ഓഫീസർ, സി. എച്ച്. സി |
| 3-4 | ------- | 23790 | ശ്രീമതി. ഫസീല കെ. കെ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| **ആകെ** | 47731 | 62578 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 75000 | ശ്രീ. സുരേഷ് തോമസ്, ഹെഡ് മാസ്റ്റർ |
| 1-17 | 173803 | ശ്രീ. ഗിരീഷ് കുമാർ കെ, സെക്രട്ടറി |
| 1-17 | 42790 | ശ്രീ. വിനോദ് കുമാർ കെ. പി, സെക്രട്ടറി |
| 1-17 | 36880 | ശ്രീ. അനിൽ കുമാർ കെ. പി, സെക്രട്ടറി |
| 1-18 | 100000 | ശ്രീമതി. ഉദയ കെ. ജോയ്, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-19 | 500000 | ശ്രീമതി. ഫസീല കെ. കെ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-20 | 500000 | ഡോ. അബ്ദുറഹിമാൻ, മെഡിക്കൽ ഓഫീസർ സി. എച്ച്. സി |
| 1-21 | 333975 | ശ്രീ. ഗിരീഷ് കുമാർ കെ, സെക്രട്ടറി |

| | | |
|---|---|---|
| 1-22 | 239700 | ഡോ. അബ്ദുറഹിമാൻ, മെഡിക്കൽ ഓഫീസർ, സി. എച്ച്. സി |
| 1-23 | 140000 | ഡോ. രവി, വെറ്ററിനറി സർജൻ |
| 1-32 | 100000 | ഡോ.രവി, വെറ്ററിനറി സർജൻ |
| **ആകെ** | 2242148 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഖണ്ഡിക – 1-25 - ജി. എസ്. ടി. ടി. ഡി. എസ് - 25,299/- രൂപ

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ഉദയ കെ. ജോയ്, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, കോടഞ്ചേരി | തപസ്യ, വട്ടോളി ബസാർ, ബാലുശ്ശേരി, 673612 |
| ശ്രീ. ബൈജു തോമസ്, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, കോടഞ്ചേരി ഗ്രാമപഞ്ചായത്ത് | പുതുപ്പറമ്പിൽ വീട്, പൊന്നാങ്കയം പി. ഒ. |
| ശ്രീ. ഗിരീഷ് കുമാർ കെ, സെക്രട്ടറി | സെക്രട്ടറി, കട്ടിപ്പാറ ഗ്രാമപഞ്ചായത്ത് | കണ്ണിയാറുപ്പിൽ വീട്, എസ്. ടി. ആർ. എ 67, താമരശ്ശേരി, കോഴിക്കോട് |
| ശ്രീ. വിനോദ് കുമാർ കെ. പി, സെക്രട്ടറി | സെക്രട്ടറി, കുന്നമ്മൽ ഗ്രാമപഞ്ചായത്ത് | നീലാംബരി വീട്, കിനാലൂർ പി. ഒ, ബാലുശ്ശേരി, |
| ശ്രീ. അനിൽ കുമാർ കെ. പി, സെക്രട്ടറി | സെക്രട്ടറി, മേപ്പയ്യൂർ, ഗ്രാമപഞ്ചായത്ത് | മൈക്കോലത്ത്, വാകയാട്, കോഴിക്കോട്, 673614 |
| ശ്രീ. സുരേഷ് തോമസ്, ഹെഡ് മാസ്റ്റർ | ഹെഡ് മാസ്റ്റർ, ചെമ്പുകടവ് യു.പി | സുരേഷ്, കട്ടിപ്പാറ, താമരശ്ശേരി |
| ശ്രീമതി. ഫസീല കെ. കെ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ഉണ്ണികുളം ഗ്രാമപഞ്ചായത്ത് | മടത്തിൽ വീട്, നീലേശ്വരം പി. ഒ, ഓമശ്ശേരി |
| ഡോ. അബ്ദുറഹിമാൻ, മെഡിക്കൽ ഓഫീസർ, സി. എച്ച്. സി | വിരമിച്ചു | ഗ്രേസ് വില്ല, ഏലക്കര, പുതുപ്പാടി |
| ഡോ. രവി, വെറ്ററിനറി | വെറ്ററിനറി സർജൻ, | അദ്വൈതം, മലയമ്മ |

| | | |
|---|---|---|
| സർജൻ | കോടഞ്ചേരി ഗ്രാമപഞ്ചായത്ത് | പി. ഒ, 673601 |
| ശ്രീ. അരുൺ ചന്ദ് വി. സി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പത്തനാപുരം | അരുൺ നിവാസ്, ചാത്തന്നൂർ പി. ഒ, കൊല്ലം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1997-98 | കെ.എസ്.എ.കെ.കെ.ഡി./പി6 /1407/22(1)/26.10.22 | 4-5 |
| 1998-99 | കെ.എസ്.എ.കെ.കെ.ഡി./പി6 /1407/22(2)/26.10.22 | 19 |
| 2002-03 (ചെലവ്) | എൽ.എഫ്.കെ.കെ.ഡി.പി3/ 256/2011(6)തീ.15.9.2011 | 8(2-1, 2-6, 2-11, 2-12, 2-13, 2-14, 2-15, 2-16) |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി./പി6 /1407/22(7)/26.10.22 | 3-11, 3-14, |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി./പി6 /1407/22(10)/27.10.22 | 3-7(1,2) |
| 2010-11 | കെ.എസ്.എ.കെ.കെ.ഡി./പി6 /1407/22(11)/27.10.22 | 3-11 |
| 2011-12 2012-13 | കെ.എസ്.എ.കെ.കെ.ഡി./പി6 /1407/22(12)/27.10.22 | 3-12,4-1-1 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി./പി6 /1407/22(14)/27.10.22 | 2-3, 3-2 |

| | | |
|---|---|---|
| 2016-17 | കെ.എസ്.എ.കെ.കെ.ഡി./പി6 /1407/22(15)/27.10.22 | 2-9,3-10, 3-15, 3-20, 3-22, 3-23, 3-28, |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി./പി6 /1407/22(16)/27.10.22 | 3-1 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി./പി6 /1407/22(17)/27.10.22 | 1-9,1-13,1-19, 1-24,1-27 1-28 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി./പി6 /1407/22(18)/27.10.22 | 1-9(1),1-9(2),1-13,1-22,1-32 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി./പി6 /1407/22(19)/27.10.22 | 1-11,1-12,1-13, 1-14,1-15,1-17,1-20,1-21, 1-23,1-27,1-34,1-38,1-41, 1-42,1-44,4-2,2-1,2-2 |
| 2021-22 | കെ.എസ്.എ.കെ.കെ.ഡി./പി6 /684/23/22.05.23 | 1-4,1-9(2),1-11, 1-13,1-15(1,3),1-19, 1-21,1-23,1-24 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2 dated 05-05-2023 and submitted on 23-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Kodenchery Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kodenchery Grama Panchayat for the year 2022-2023

**Date: 23/12/2023**

**Deputy Director**
**District Office Kozhikode**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Kodenchery Grama Panchayat for the Year 2022-2023 .

**1.Major Observations**

NIL

**2.Other Observations**

1.The following mandatory financial statement prescribed in accounting rules are not submitted for audit (eg:- Ratios )

2.Cash flow statement-Net increase / decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

3.Physical verification certificate of closing stock has not been recorded

4. The project excuted by the Asst.Engineer have been part billed but no amount has been entered under the head Capital Work in progress

5.Asset register not updated.

6.Difference in opening balance of Advance ammount with register.

7.Diefects in bank reconciliation as delay in payment approval in ILGMS.

8.Lapses in making timely demand entry.

9. Account details not incuded in AFS.

10.Closing stock not included in AFS

11.CFC expenditure amount not tally with AFS.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്